

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.13/1959/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.13/1959/2024 തീയ്യതി: 23/12/2024

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	04-12-2024	10-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-12-2024	10-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രദീപ്കുമാർ ആർ. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശാലിനി വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർ രാജ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികൃഷ്ണൻ ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പി.വി. രാജേഷ്	പ്രസിഡന്റ്	01-04-2023	31-03-2024

ശ്രീ. സന്തോഷ് കുമാർ .റ്റി	സെക്രട്ടറി	01-04-2023	27-07-2023
ശ്രീ. സുനിൽ .പി	സെക്രട്ടറി	28-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബിനി ജോസ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. ദീപു .ബി .എസ്	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ. സൗമ്യ ശശിധരൻ നായർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	31-03-2024
ഡോ. നിജു .എം.എൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2023	19-06-2023
ഡോ. രാഖി വിജയൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	20-06-2023	31-03-2024
ശ്രീമതി. സാവിത്രി .എ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	11-07-2023
ശ്രീമതി. വനജകുമാരി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	12-07-2023	31-03-2024
ശ്രീമതി. ജുമൈലാ ബീവി	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-03-2024
ശ്രീമതി. ചിത്ര .കെ.ആർ	വി.ഇ.ഒ. സർക്കിൾ I	01-04-2023	31-03-2024
ശ്രീ. വിഷ്ണു .ആർ	വി.ഇ.ഒ. സർക്കിൾ II	01-04-2023	11-09-2023
ശ്രീ. അജേഷ് സത്യൻ	വി.ഇ.ഒ. സർക്കിൾ II	12-09-2023	31-03-2024
ശ്രീ. മനോജ് കുമാർ .എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി. ആൻസി റഷീദ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി. രശ്മി .പി. നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി. മിനി .കെ. നായർ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-1
3	കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് B-1 Schedule പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല	1-1-3
5	ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം Out Door Collection Control Account-ലെ തുക വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല	1-1-4
6	RP(40b) പ്രകാരം നീക്കിയിരിപ്പുള്ള Old Treasury അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ ലഭ്യമല്ല	1-1-5
7	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-6
8	ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല	1-1-7
9	ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക വരവായി ചേർത്തില്ല	1-1-8
10	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-9
11	സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല	1-1-11
13	വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-12
14	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-13
15	ബ്ലോക്ക് വിഹിതം തെറ്റായ ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തി	1-1-14
16	റിഡംപ്ഷൻ - തുക ആർ.പി.(45) പ്രകാരം ചെലവായ തുകയും ബി-15 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല	1-1-15
17	District Co-Operative Bank Account No. 20131201200001ന്റെ 31.03.2024 ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല	1-1-16
18	Capital Work In Progress A.E ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-17
19	ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി	1-1-18
20	വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു	1-1-19
21	ബജറ്റ്	1-2
22	സാമ്പത്തിക വിശകലനം	1-3
23	ഗ്രാന്റ് വിനിയോഗം - മറ്റ് അപാകതകൾ	1-4-1
24	ഗ്രാന്റ് വിനിയോഗം	1-4
25	പദ്ധതി അവലോകനം	1-5
26	ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ	1-6
27	ക്യാഷ് ബാലൻസ് പരിശോധന	1-7

28	ആഭ്യന്തര നിയന്ത്രണം	1-8
29	കണ്ണറ-ഇരുമ്പാലം റോഡ് കോൺക്രീറ്റ് (വാർഡ് 13) - അപാകതകൾ	1-9-1
30	പ്രവൃത്തി പൂർത്തീകരണ തീയതിക്ക് ശേഷം സ്കിൽഡ്/സെമിസ്കിൽഡ്, മസ്റ്റർ റോൾ സൃഷ്ടിച്ച് തുക അനുവദിച്ചിരിക്കുന്നു	1-9-2
31	തൊഴിലുറപ്പ് പദ്ധതി	1-9
32	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
33	റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല	1-11
34	വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-12
35	യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല	1-13
36	ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകേണ്ടതാണ്	1-14
37	നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല	1-15-1
38	പരിഷ്ക്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയില്ല	1-15-2
39	അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - അപാകങ്ങൾ	1-15-3
40	വസ്തു നികുതി അപാകങ്ങൾ	1-15
41	തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ	1-16
42	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല	1-17
43	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷം ഉപയോഗിച്ചു	1-18
44	വൃദ്ധജന രോഗ പ്രതിരോധ ചികിൽസ പദ്ധതി - ഔഷധിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം	1-19
45	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഹോംകോയുമായി കരാർ ചമച്ചില്ല	1-20
46	പൊതു സ്ഥലങ്ങളിൽ സി.സി.ടി. വി ക്യാമറ സ്ഥാപിക്കൽ	1-21
47	സ്നേഹസ്പർശം ശാരീരിക വെല്ലുവിളി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പിലെ അപാകത	1-22
48	അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - കേന്ദ്രവിഹിതമായ തുക ചെലവഴിച്ചില്ല	1-23
49	ലൈഫ് പദ്ധതി നിർവ്വഹണത്തിലെ അപാകം	1-24
50	ഹരിത കർമ്മ സേന പ്രവർത്തന അവലോകനം	1-25
51	വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വാങ്ങി നൽകൽ - പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല	1-26
52	പത്രപരസ്യം നൽകൽ - അധിക നിരക്കിൽ തുക നൽകി	1-27
53	പേയ്മെന്റ് വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമല്ല	1-28
54	പേയ്മെന്റ് ഓർഡർ ലഭ്യമാകുന്നതിന് മുമ്പ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു	1-29
55	അഡ്വക്കേറ്റ് ഫീസ് - ഇൻകംടാക്സ് ഈടാക്കിയില്ല	1-30
56	പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നു	1-31
57	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-32
58	എം.സി.എഫ്. യൂണിറ്റ് നവീകരണം – എഗ്രിമെന്റ് വെച്ച പ്രവൃത്തി ഉപേക്ഷിച്ചു	1-33
59	ഭൗമ വിവര പഞ്ചായത്ത് പദ്ധതി നടപ്പിലാക്കൽ - തുടർ നടപടി സ്വീകരിച്ചില്ല	1-34

60	സർക്കാർ ഉത്തരവിന് അനുസൃതമായി യാത്രബത്ത നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്	1-35
61	ഗ്രന്ഥശാലകൾക്ക് പത്ര മാസിക വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല	1-36
62	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - രൂ.3,34,447/- തടസ്സം ചെയ്യുന്നു	1-37
63	അജൈവ മാലിന്യ നീക്കത്തിനായി ഹരിത കർമ്മ സേന വാഹനം ഓടിയ ദിവസം അതേ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുത്തു	1-38
64	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - അപാകതകൾ	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.07.2024 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 05.08.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല. നിലവിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിൽ ലഭ്യമല്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 29-നുള്ള മറുപടി. ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-2 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് B-1 Schedule പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് B-1 Schedule പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷത്തെ ജനറൽ ലെഡ്ജർ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ-

ഹെഡ്ഡ് കോഡ്	2022-23 വർഷത്തെ B-1 Scheduele പ്രകാരം നീക്കിയിരിപ്പ് (രൂ.)	2023-24 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് (രൂ.)
310900101	4294529.70	4107982.7

ആയത്, ഓട്ടോമാറ്റിക് ആയി ജനറേറ്റ് ചെയ്യുന്നതാണെന്നും ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-3 നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

SBI ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് നം. 36488304542ന്റെ മാർച്ച് 2024ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented ഇനത്തിൽ നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ-

ബാങ്ക് അക്കൗണ്ട്	ചെക്ക് നം./തീയതി	തുക (രൂ.)
SBI അക്കൗണ്ട് നം. 36488304542	348087/28.01.2023	916
	348124/24.02.2023	1500
	180309/31.10.2022	291
	180309/31.10.2022	291
	721443/01.09.2023	21753
	765789/28.04.2022	400
	408923/17.11.2021	410
	263026/12.08.2021	595
	573737/22.03.2022	1482
	408923/17.11.2021	388
	087905/17.05.2021	3120
	9821111/16.02.2022	290
	087875/23.04.2021	370
	087875/23.04.2021	400
	921457/13.07.2020	4500
	160259/16.06.2020	1750
	573694/09.02.2022	400
	765752/31.03.2022	1410
	018254/05.09.2022	2000
	018261/06.09.2022	80000
	348085/30.01.2023	4500
	573737/23.03.2022	400
	618845/17.05.2023	335
	721351/07.07.2023	7000
	721391/24.07.2023	8000

നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്നും തൻവർഷം തന്നെ പ്രസ്തുത തുക ശീർഷകത്തിൽ രേഖപ്പെടുത്തുന്നതാണെന്നുമാണ് ഓഡിറ്റ് എൻകയറി (നം. 29)നുള്ള മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-4 ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം Out Door Collection Control Account-ലെ തുക വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

ജനറൽ ലെഡ്ജർ ട്രയൽ ബാലൻസ് ഹെഡ്ഡ് കോഡ് 431910201 പ്രകാരം Out Door Collection Control Account പ്രകാരം 815/- രൂപ ക്രെഡിറ്റ് ബാലൻസ് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂളുകൾ പ്രകാരം അത്തരമൊരു തുക ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. സോഫ്റ്റ് വെയർ എറർ കാരണമാണ് ഷെഡ്യൂളിൽ ഉൾപ്പെടാത്തതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 29-നുള്ള മറുപടി. അപാകത പരിഹരിക്കേണ്ടതാണ്

1-1-5 RP(40b) പ്രകാരം നീക്കിയിരിപ്പുള്ള Old Treasury അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ ലഭ്യമല്ല

RP(40b) പ്രകാരം Old Treasury (000000001) എന്ന അക്കൗണ്ടിൽ 224/- രൂപ നീക്കിയിരിപ്പുണ്ട്. ബാങ്ക് ബുക്ക് പ്രകാരം 31.03.2024ലെ നീക്കിയിരിപ്പ് 224/- രൂപയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 0 രൂപയുമാണ്. പ്രസ്തുത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ ഐ.എൽ.ജി.എം.എസ്-

ൽ ലഭ്യമല്ല. പ്രസ്തുത അക്കൗണ്ടിന്റെ BIMS-ൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ ക്ലോസിംഗ് ബാലൻസ് ഒന്നും തന്നെ ലഭ്യമല്ലായെന്നും അതിനാലാണ് ടി അക്കൗണ്ട് റീകൺസിൽ ചെയ്യാൻ കഴിയാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. 31.03.2024ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്.

പ്രതിമാസ ഡിമാന്റ് ഐ.എൽ.ജി.എം.എസ്-ൽ സാങ്കേതികമായി ലഭ്യമല്ലായെന്നും ഭാവിയിൽ ഡിമാന്റ് അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് തന്നെ ഡിമാന്റ് എൻട്രി വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-7 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല

മാർച്ച് 2024-ലെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചതിൽ ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൗണ്ട്	വൗച്ചർ നം./തീയതി	തുക (രൂ.)
SBI 36488304542	1220000081/30.09.2022	450
	1210400002/04.10.2021	20000
	1220000079/30.09.2022	350

ഇത് സംബന്ധിച്ച് മുൻവർഷങ്ങളിൽ ബാങ്കിലേക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിരുന്നില്ലായെന്നാണ് ഓഡിറ്റ് എൻകൗയറി നം. 29ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക വരവായി ചേർത്തില്ല

ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത താഴെപ്പറയുന്ന തുക രസീത് നമ്പർ നൽകി കണക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല.

ബാങ്ക് അക്കൗണ്ട്	വൗച്ചർ നം./തീയതി	തുക(രൂ.)
CANARA BANK – CFC(VJMD)110001576435	ലഭ്യമല്ല – 31.03.2024	3862

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി നം. 29ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-4 Schedule പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I) B-4 Schedule പ്രകാരം ജോയിന്റ് വെഞ്ചർ എന്ന ശീർഷകത്തിൽ 16,81,096/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 Schedule പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,00,000/- രൂപയാണ്.

Ii) B-4 Schedule പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 36,06,533/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 24,09,746/- രൂപയാണ്.

ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഗ്രാന്റ് തുകകൾ മാത്രമല്ല നീക്ഷേപിച്ചിരിക്കുന്നതെന്നും അതിനാലാണ് തുകകൾ പൊരുത്തപ്പെടാത്തതെന്നുമാണ് മറുപടി.
ബാങ്ക് നീക്കിയിരിപ്പ് കുറവായി കാണുന്നതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ തുകകൾ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടിൽ ടി ഇനത്തിലെ തുകകൾ മാത്രമേ ഉൾപ്പെടുകയുള്ളൂ എന്നതിനാൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-10 സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് മൂല്യം നിർണ്ണയം നടത്തി ഇനം തിരിച്ച് ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ് വെയർ ലഭ്യമല്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി (നം.29)നുള്ള മറുപടി. ഐ.കെ.എം-മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

1-1-11 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനുകൾക്ക് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും രജിസ്റ്ററുകൾ യഥാസമയം ലഭ്യമായിരുന്നില്ലായെന്നും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-12 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

തൻവർഷം പൂർത്തിയാക്കാത്ത വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്ഥിര ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം. 29)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-13 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകൾ പൊരുത്തപ്പെടുന്നില്ല

മുൻവർഷ വാർഷിക ധനകാര്യ പത്രിക ബി- 4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺടൈഡ്) മുന്നിരിപ്പ് 33,41,121/- രൂപയും വരവ് 67,60,988/- രൂപയും സുലേഖ പ്രകാരം ചെലവ് 77,22,554/- രൂപയുമാണ്. അങ്ങനെയെങ്കിൽ നീക്കിയിരിപ്പായി വരേണ്ട തുക 23,79,555/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് (ബി-4 ഷെഡ്യൂൾ പ്രകാരം) 36,06,533/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ജേണൽ എൻട്രി രേഖപ്പെടുത്തിയതിൽ കുറവ് വന്ന തുകയാണെന്നും ആയത് തൻവർഷം പരിഹരിക്കുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-14 ബ്ലോക്ക് വിഹിതം തെറ്റായ ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തി

മുൻ വർഷ എ.എഫ്.എസ് B-4 Schedule പ്രകാരം 320700204 എന്ന ശീർഷകത്തിൽ Contributions For Joint Venture Projects (For Revenue Expenditure) From Block Panchayat എന്ന ശീർഷകത്തിൽ 21,21,474/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. തൻവർഷം ശീർഷകത്തിലെ നീക്കിയിരിപ്പ് 11,21,474/- രൂപയാണ്. വ്യത്യാസം 10,00,000/- രൂപ. ലെഡ്ജർ പ്രകാരം പ്രോജക്ട് നം. 137 അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി 2,00,000/- രൂപയും പ്രോജക്ട് നം. 173 പ്രകാരം ആനക്കുഴി മീൻമൂട് പാലുവള്ളി എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗിനായി 3,00,000/- രൂപയും പ്രോജക്ട് നം. 182, പേരുമല വാലുപാറ കട്ടക്കാൽ എസ്.സി റോഡ് സൈഡ് വാളും കോൺക്രീറ്റിംഗിനുമായി 5,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. Contributions For Joint Venture Projects (For Revenue Expenditure) From Block Panchayat എന്ന ശീർഷകത്തിൽനിന്ന് പ്രോജക്ട് നം. 173, 182 എന്നീ പ്രവൃത്തികളിൽ ആസ്തി സൃഷ്ടിക്കുന്നതിനായി തുക വിനിയോഗിച്ചതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 29)ന് ബ്ലോക്ക് വിഹിതം തെറ്റായ ഹെഡ്ഡിൽ വരവ് രേഖപ്പെടുത്തിയതിനാലാണ് അപാകത സംഭവിച്ചതെന്നും തൻവർഷം ആയത് ക്രമപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-15 റിഡംപ്ഷൻ - തുക ആർ.പി.(45) പ്രകാരം ചെലവായ തുകയും ബി-15 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

LGTSB & Joint Venture എന്നീ ട്രഷറി അക്കൗണ്ടുകൾ പ്രകാരം സർക്കാർ Redemption ചെയ്ത തുക 25,00,828/- രൂപയാണ് (2188290+312538). വാർഷിക ധനകാര്യ പത്രിക RP(45) പ്രകാരം ചെലവ് 25,00,828/- രൂപ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ B-15 പ്രകാരം 41,48,598/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 29 ന് 16,47,770/- രൂപ തെറ്റായി 140700199 എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയത് കൊണ്ടാണ് B-15 പ്രകാരം 41,48,598/- രൂപ വന്നതെന്നാണ് മറുപടി നൽകി. അപാകത പരിഹരിക്കേണ്ടതാണ്.

1-1-16 District Co-Operative Bank Account No. 20131201200001ന്റെ 31.03.2024 ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

District Co-Operative Bank Account No. 20131201200001-ന്റെ 31.03.2024ലെ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 28,683.83 രൂപയാണ്. എന്നാൽ ആയത് 28,158.83 രൂപയായി കണക്കാക്കിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. 2017-ന് ശേഷം ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഒന്നും തന്നെ നടന്നിരുന്നില്ലായെന്നും അതു കൊണ്ട് കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പ് തുകയിൽ തന്നെ റീകൺസിലിയേഷൻ നടത്തിയത് കൊണ്ടാണ് അപാകത സംഭവിച്ചതെന്നും മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കേണ്ടതാണ്.

1-1-17 Capital Work In Progress A.E ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

എ. ഇ. സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,94,697/- രൂപയുടെ Capital Work In Progress 2023-24 സാമ്പത്തിക വർഷം ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-11(B) പ്രകാരം Capital Work Inprogress 0 ആണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി (നം. 42/തീ.10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-18 ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി

പഞ്ചായത്ത് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്തിനും ഘടക സ്ഥാപനങ്ങൾക്കും ആർജിക്കുന്ന ആസ്തികൾ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ 11(D), 11(E) എന്നീ ഷെഡ്യൂളിലെ നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2023-24ൽ വിവിധ പ്രോജക്ടുകൾ പ്രകാരം ആർജിച്ച എല്ലാ ആസ്തിയും നിശ്ചിത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഉൾപ്പെടുത്താത്ത ആസ്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	തുക/ഫണ്ടിനം (രൂ.)
1	30 - പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലേയ്ക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ	259200 (റോഡിതരം)
2	241 - പൊതു സ്ഥലങ്ങളിൽ സി.സി.ടി. വി സ്ഥാപിക്കൽ	46716 (തനത് ഫണ്ട്)
3	211 - നവീകരിച്ച പഞ്ചായത്ത് ഓഫീസ് ഹാളിന് എ.സി വാങ്ങൽ	249000 (വികസനഫണ്ട്)

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി (നം. 42/തീ. 10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-1-19 വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം ആകെ വരവ് 18,74,01,064/- രൂപയും ആകെ ചെലവ് 19,54,02,266/- രൂപയുമാണ്. വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു. 2023-24 സാമ്പത്തിക വർഷം ലഭിക്കേണ്ട 3 ഗഡു ജനറൽ പർപ്പസ് ഫണ്ട് ലഭിച്ചിരുന്നില്ലായെന്നും കൂടാതെ ഡിപ്രീസിയേഷൻ തുക ചെലവായി രേഖപ്പെടുത്തിയിരിക്കുന്നതിനാലുമാണ് വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തതായി കാണുന്നതെന്നാണ് മറുപടി.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
പാസ്സാക്കിയ തീയതി	28/03/2023	10/11/2023
ഭരണസമിതി തീരുമാനം	1	10
മുന്നിരിപ്പ്	രൂ.33,32,555	രൂ.89,48,813
പ്രതീക്ഷിത വരവ്	രൂ.35,47,06,708	രൂ.42,40,12,130
ആകെ	രൂ.35,80,39,263	രൂ.43,29,60,943
പ്രതീക്ഷിത ചെലവ്	രൂ.35,56,22,711	രൂ.42,77,44,796
നീക്കിയിരിപ്പ്	രൂ.24,16,552	രൂ.52,16,147

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	രൂ.30593786.30
വരവ്	രൂ.89340869.00
ആകെ	രൂ.119934655.30
ചെലവ്	രൂ.76856911.00
നീക്കിയിരിപ്പ്	രൂ.43077744.30

1-4-1 ഗ്രാന്റ് വിനിയോഗം - മറ്റ് അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത

തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

ഹെഡ്ഡ് കോഡ്	ഇനം	തുക (രൂ.)
320100152	Other Schemes	354900
320100198	Grant From Suchitwa Mission	501939
320200207	Fund For Transferred Institutions – Ayurveda – Capital	(*)249399
320200399	Grant For Specific Purposes – Other Than Development Fund And State Sponsored Schemes – Other Purposes	25000
320300199	Grant For Specific Purposes – Other Government Agencies	414014
320400199	Grant For Specific Purposes – Other Financial Institutions	846826
320700204	Contribution For Joint Venture Projects – Revenue Expenditure – Block Panchayaths	(**)1121474
320700205	Contribution For Joint Venture Projects – Revenue Expenditure – District Panchayaths	59622
320800101	Beneficiary Contributions	48780
320900101	Donations To CMDRF	16000
320900102	Donations Related To Pandemic / Epidemic Control	267161

(*) മുന്നിരിപ്പുണ്ടായിരുന്ന 4,50,000/- രൂപയിൽ തൻവർഷം 2,00,601/- രൂപ ചെലവഴിച്ചിട്ടുണ്ട്.
(**) 21,21,474/- രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നതിൽ 10,00,000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ നിലവിൽ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ആരാഞ്ഞതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ചെലവ് ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും മേൽ പ്രോജക്കുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

2. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(Ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന.-യുടെ അടിസ്ഥാനത്തിൽ) പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട് (ജനറൽ), സംരക്ഷണ ഫണ്ട് (റോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അനുവദിച്ച തുക (രൂ.)	ചെലവ് തുക (സുലേഖ പ്രകാരം) (രൂ.)	നീക്കിയിരിപ്പ് തുക (രൂ.)	ചെലവ് ശതമാനം	2024-25 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (രൂ.)	ലാപ്സായ തുക (രൂ.)
വികസന ഫണ്ട് (ജനറൽ)	23032000	18185955	4846045	78.95	4606400	239645
വികസന ഫണ്ട് (SCP)	7097000	5073305	2023695	71.4	1419400	604295
വികസനഫണ്ട് (TSP)	109000	77489	31511	71	21800	9711

ഇപ്രകാരം തുക പാഴായതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ., തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അനുബന്ധം-2 പ്രകാരം വകയിരുത്തേണ്ട തുക (രൂ.)	അടങ്കൽ തുക (രൂ.)	ചെലവഴിച്ച തുക (രൂ.)	ചെലവ് ശതമാനം (%)
വനിത ഘടക പദ്ധതി	2563160	2661980	1068680	40.14
കുട്ടികൾ,ഭിന്നശേഷിയുള്ളവർ	1281580	4965561	4069965	81.96
വൃദ്ധർ (പാലിയേറ്റീവ് കെയർ ഉൾപ്പെടെ)	1281580	4497912	1607885	35.74

4) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം ചെലവ് (രൂ.)	എ.സി.ആർ പ്രകാരം ചെലവ് (രൂ.)	വാർഷിക ധനകാര്യ പത്രിക പ്രകാരം (രൂ.)
വികസനഫണ്ട് (ജനറൽ)	18185955	12595458	18185955
വികസനഫണ്ട് (എസ്.സി.പി)	5073305	3718686	5073305
വികസനഫണ്ട് (ടി.എസ്..പി)	77489	62822	77489
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	3328435	3350780	2838640

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി (നം.30/തീ.09.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

Fund/Grant	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസന ഫണ്ട് – (ജനറൽ)	**0**	17441503	18185955	-744452
വികസന ഫണ്ട് – (എസ്.സി.പി)	**0**	5742381	5073305	669076
വികസന ഫണ്ട് – (ടി.എസ്.പി)	**0**	94333	77489	16844
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	**0**	2860000	3328435	-468435
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	**0**	3813000	4394119	-581119
മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം	**0**	5633400	5633400	0
മെയിന്റനൻസ് ഗ്രാന്റ് – റോഡ്	**0**	4322000	4322000	0
കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്)	**0**	0	2495645	-2495645
സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്)	**0**	0	6400000	-6400000

1) ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ

Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടാറുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി. Tied &Untied) മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല.

3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

4) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവ്വഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്. കൂടാതെ സോഫ്റ്റ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

5) ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ്, എ.സി.ആർ. എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ.) (ഗു.വി. ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (രൂ.)	ചെലവ് ശതമാനം
കൃഷി ഓഫീസർ	11	10	1	2842867	2070344	72.82
വെറ്ററിനറി സർജൻ	9	8	1	2852663	1472602	51.62
മെഡിക്കൽ ആഫീസർ (അലോപ്പതി)	13	10	3	5224503	3366371	64.43
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	17	8	9	8452164	1357298	15.98
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	7	7	0	63925074	21600544	33.79
ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	17	15	2	5670414	4432813	78.17
സെക്രട്ടറി	53	38	15	22286108	13897539	62.35
ഹെഡ്മിസ്ട്രസ്	3	1	2	501166	6766	1.35
അസിസ്റ്റന്റ് എഞ്ചിനീയർ	81	44	37	33632476	13276569	39.47
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	800000	695239	89.90
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	0	1	48000	0	0
അസിസ്റ്റന്റ് സെക്രട്ടറി	15	13	2	2257563	1544319	68.40

മെഡിക്കൽ ആഫീസർ (ആയുർവേദം)	3	3	0	850000	850000	100
ആകെ	231	158	73	149342998	64570404	43.23

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാനം
പൊതുവിഭാഗം (ജനറൽ)	30153242	18185955	60.31
എസ്.സി.പി.	8908670	5073305	56.94
ടി.എസ്.പി	123667	77489	62.66
ധനകാര്യ കമ്മീഷൻ അവാർഡ്	12501917	7722554	61.77
കേന്ദ്രാവിഷ്കൃത ഫണ്ട്	7322324	2495645	34.08
സംസ്ഥാനാവിഷ്കൃത ഫണ്ട്	30129720	6400000	21.24
തനത് ഫണ്ട്	5259866	3157570	60.03
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	15298155	7621071	49.81
മറ്റ് ജില്ലാപഞ്ചായത്ത്	16487625	3298280	20.00
മെയിന്റനൻസ് – നോൺ റോഡ്	8450000	5633400	66.66
മെയിന്റനൻസ് – റോഡ്	7963000	4322000	54.27
മറ്റുള്ളവ	65946707	15594976	23.64

ആസൂത്രണ സമിതി

1. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022/തസ്വഭവ., തീയതി 19.04.2022, 3.1.1 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21/11/2022 തീയതിയിലെ (1/1) പ്രകാരം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചു തീരുമാനിച്ചു.

2. മാർഗ്ഗരേഖയുടെ 3.1.1 എ-7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണ സമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ആസൂത്രണ സമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ 3.1.1 ബി-1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ ഇപ്രകാരമാണ്. ആസൂത്രണ സമിതി യോഗങ്ങൾ 26/11/2022ലും 05/12/2023ലും യോഗം ചേർന്നിട്ടുണ്ട്. 05/12/2023ലെ യോഗ തീരുമാനങ്ങൾ രജിസ്റ്ററിൽ എഴുതിയിട്ടില്ല. മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു.

3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ., തീയതി 19.04.2022) ഖണ്ഡിക 3.1.2-ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.
ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭ യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിൽ ഒരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിലും പ്രോജക്ടുകളുടെ പരിശോധനയിലും കണ്ടെത്തിയിട്ടില്ല. പദ്ധതി രൂപീകരണ വർക്കിംഗ് ഗ്രൂപ്പ് ചേർന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധനയിൽ കണ്ടെത്തി

4. മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പ സാദ്ധ്യതകൾ ചർച്ച ചെയ്ത് വായ്പാബന്ധിത പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

5. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

6. മാർഗ്ഗരേഖ 3.5.6.3 (ബി)യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയില്ല.

7. മാർഗ്ഗരേഖ 3.8.5 (1)ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ട്.

8. മാർഗ്ഗരേഖ 6.8ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്-റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	35,75,800	291
വിധവ പെൻഷൻ	1,35,04,400	1310
വാർദ്ധക്യകാല പെൻഷൻ	2,49,18,800	2472
വികലാംഗ പെൻഷൻ	33,18,600	300
അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,69,000	24

1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2024, 3.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 15,109/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ചെസ്റ്റിൽ 14,761/- രൂപ മാത്രമാണ് കണ്ടെത്തിയത്. ഡേ ബുക്കും ക്യാഷ് ചെസ്റ്റിലെ തുകയും തമ്മിൽ 348/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം.2/തീ.04.12.2024) ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാരിയുടെ പരിചയക്കുറവ് കാരണം ഏഴാം വാർഡ് മെമ്പർ ടി വാർഡിലെ 11 നികുതിദായകരുടെ നികുതി ഒടുക്കുന്നതിലേക്കായി ലിസ്റ്റ് ലഭ്യമാക്കിയത് പ്രകാരം നടപടിയെടുത്തതിൽ ചില ക്ലറിക്കൽ പിഴവുണ്ടായതിനാലാണ് ക്യാഷ് ചെസ്റ്റിൽ 349/- രൂപയുടെ വ്യത്യാസം വന്നതെന്നാണ് മറുപടി ലഭ്യമായത്.
04.12.2024 തീയതിലെ ഡേ ബുക്ക് പ്രകാരമുള്ള മുഴുവൻ കളക്ഷൻ തുകയും (15,109/- രൂപ) പിറ്റേ ദിവസം ബാങ്കിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി സൂപ്പർവൈസിംഗ് ഓഫീസർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

(1) ലൈസൻസ് അനുവദിക്കുന്നതിലും, തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ ചുമത്തൽ ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ടും അപാകങ്ങൾ ഉള്ളതായി കാണുന്നു.
(2) അതിർത്തി തർക്കം കാരണം പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഉദാ. പരിക്കപ്പാറ ചിറ നവീകരണം (60/2023-24), പൊന്നമ്പി തെറ്റാടി റോഡിന് പാലം വീതി കൂട്ടൽ (113/2023-24). ആസ്തി രജിസ്റ്റർ കാലികമാക്കി പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്.
(3) പ്രവൃത്തികൾ ആവിഷ്ക്കരിക്കുമ്പോൾ സൈറ്റിൽ സാധന സാമഗ്രികൾ എത്തിക്കുന്നതിന് അപ്രോച്ച് റോഡുകൾ ഗതാഗത സഞ്ചാരം അനുവദിക്കുന്നതായിരിക്കണം. ദർഭമൺ നടപ്പാലം നിർമ്മാണം പ്രോജക്ടിൽ (111/2023-24) അപ്രോച്ച് റോഡ് ഗതാഗത സഞ്ചാരം അനുവദിക്കുന്നതല്ലാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. സൈറ്റ് പരിശോധനയ്ക്ക് ശേഷം പ്രോജക്ടുകൾ ആവിഷ്ക്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(4) എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിക്ക് ശേഷം സ്കിൽഡ്, സെമിസ്കിൽഡ് മസ്റ്റർ റോൾ സൃഷ്ടിച്ചിരിക്കുന്നു. മസ്റ്റർ റോളിൽ പ്രവൃത്തി ചെയ്ത ആളിന്റെ പേര്, വേതനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോളിൽ രേഖപ്പെടുത്തിയ ഹാജറിന്റെ (പേര്, വേതനം ഇല്ല) അടിസ്ഥാനത്തിൽ തുക എഫ്.ടി.ഒ ചെയ്തിരിക്കുന്നു. മെറ്റീരിയൽ പ്രവൃത്തികളിൽ ആവശ്യം വേണ്ട അനുബന്ധരേഖകൾ ഒന്നും സൂക്ഷിക്കുന്നില്ല (ഖണ്ഡിക 1-9-2 ൽ ചേർത്തിട്ടുണ്ട്).
(5) പേയ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിന് മുമ്പ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു.

1-9-1 കണ്ണറ-ഇരുമ്പാലം റോഡ് കോൺക്രീറ്റ് (വാർഡ് 13) - അപാകതകൾ

പ്രവൃത്തിയുടെ പേര്	കണ്ണറ-ഇരുമ്പാലം റോഡ് കോൺക്രീറ്റ് (RC/395064)
സാങ്കേതികാനുമതി/തുക	198/TS/PGP/MGNREGS/2023-24 Dt.12.07.2023, രൂ.498471/-
നിർവ്വഹണം	അക്രെഡിറ്റഡ് എഞ്ചിനീയർ
എം.ബുക്ക് നമ്പർ	198/2023-24
എസ്റ്റിമേറ്റ് തുക	രൂ.4,98,471/-
ചെലവ് തുക	രൂ.4,91,418/-
അവസാന അളവ് രേഖപ്പെടുത്തിയ തീയതി	15.03.2024 (M.BOOKpageno.6)
കരാർ നമ്പർ, തീയതി	01/15/Mgnregs/23-24 Dt. 07.02.2024
വിതരണക്കാരൻ	അഖിൽ ബി. എസ്.
ക്വാട്ടഡ് പി.എ.സി	രൂ.4,13,048/-

(1) കരാർ പ്രകാരം, ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി സാധനങ്ങൾ സൈറ്റിൽ വിതരണക്കാരൻ സ്വന്തം ചെലവിൽ സ്റ്റോക്ക് ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

(2) വിതരണക്കാരൻ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് ഓരോ ഇനത്തിനും വിതരണക്കാരന് കൈമാറിയിട്ടുള്ളത്.

(3) സ്കിൽഡ്/സെമി സ്കിൽഡ് വർക്കേഴ്സ് ആരൊക്കെയാണെന്നറിയാൻ മസ്റ്റർ റോളിൽ രേഖപ്പെടുത്തൽ ഇല്ല. ഹാജർ കോളത്തിലെ ഹാജർ കൂട്ടിയെഴുതുകയോ ഓരോരുത്തരുടേയും വേതനം എത്രയാണെന്ന് രേഖപ്പെടുത്തി കൂട്ടിയെഴുതുകയോ ചെയ്തിട്ടില്ല.

(4) എം. ബുക്ക് പ്രകാരം അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 15.03.2024-ാം തീയതിയിലാണ് (M.BOOK Page No.6). സ്കിൽഡ്, സെമി സ്കിൽഡ് മസ്റ്റർ റോളുകൾ സൃഷ്ടിച്ചിരിക്കുന്നത് 03.04.2024-നാണ്. പ്രവൃത്തി നടത്തലിനായി മസ്റ്റർ റോളുകൾ ലഭിക്കുംമുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരണം നടത്തിയതായി അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

(5) അൺസ്കിൽഡ് മസ്റ്റർ റോളിൽ വേതനം, ആകെ ഹാജർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(6) മെറ്റീരിയൽ ഇനത്തിൽ നല്കിയിട്ടുള്ള രൂ.4,12,816.55 അവിദഗ്ധ വേതനം രൂ.32,967/-, വിദഗ്ധ വേതനം രൂ.44,100/- ഡിസ്പ്ലേ ബോർഡ് ഇനത്തിലുള്ള രൂ.1,535/- എന്നിവയുടെ ആധികാരികത തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/2023-24, തീ.09.12.2024) മറുപടി ഹാജരാക്കിയിട്ടില്ല.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രധാന ലക്ഷ്യം പരമാവധി തൊഴിൽദിനം നൽകി ദാരിദ്യ നിർമ്മാർജനം ഉറപ്പ് വരുത്തുകയെന്നതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം തൊഴിൽദിനം അനുവദിക്കുന്നതിനായി മസ്റ്റർ റോൾ തയ്യാറാക്കുകയെന്നത് തൊഴിൽകാർഡ് ഉള്ളവർക്ക് എല്ലാം തന്നെ പരമാവധി തൊഴിൽ ദിനം ലഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. പ്രവൃത്തി ഫയലുകളിൽ ആവശ്യമായ അനുബന്ധ രേഖകൾ എല്ലാം ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-9-2 പ്രവൃത്തി പൂർത്തീകരണ തീയതിക്ക് ശേഷം സ്കിൽഡ്/സെമിസ്കിൽഡ്, മസ്റ്റർ റോൾ സൃഷ്ടിച്ച് തുക അനുവദിച്ചിരിക്കുന്നു

അക്രെഡിറ്റഡ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾക്ക് എം. ബുക്ക് പ്രകാരമുള്ള പൂർത്തീകരണ തീയതിക്ക് ശേഷം സ്കിൽഡ് മസ്റ്റർ റോൾ സൃഷ്ടിച്ച് തുക അനുവദിച്ചിരിക്കുന്നു.

വർക്ക് കോഡ്	പ്രവൃത്തിയുടെ പേര്	എം. ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തീയതി	സ്കിൽഡ് – സെമി സ്കിൽഡ് മസ്റ്റർ റോൾ സൃഷ്ടിച്ച തീയതി	സ്കിൽഡ് - സെമിസ്കിൽഡ് മസ്റ്റർ റോൾ പ്രകാരം അനുവദിച്ച തുക എഫ്.ടി.ഒ. നമ്പർ
IF/1022610	കിണർ നിർമ്മാണം (അഞ്ചു വി. എസ്)	25.03.2024	രൂ.7982/- 19.06.2024	രൂ.20250/- FTO NO.16312/23.07.2024
IF/1035748	പശുതൊഴുത്ത് നിർമ്മാണം	25.03.2024	രൂ.7984/- 19.06.2024	രൂ.18000/- FTO.No.16125/23.07.2024

IF/ 1028859	ആട്ടിൻകൂട് നിർമ്മാണം	25.03.2024	രൂ.7248/- 14.06.2024	രൂ.4500/- FTO.No.16327/04.07.2024
IF/ 1001041	കോഴിക്കൂട് നിർമ്മാണം (രേവതി എൽ.)	25.03.2024	രൂ.7238/- 14.06.2024	രൂ.9660/- FTO.No.16315/04.07.2024
IF/1001043	കിണർ നിർമ്മാണം (അജിത എൽ.)	25.03.2024 (എം. ബുക്ക് നമ്പർ 173/2023-24)	14868/869 Dt. 30.07.2024 23639/640 Dt.13.09.2024	20250/-FTO NO.16210/01.10.2024 പ്രിന്റഡ് മസ്റ്റർ റോളിൽ പ്രവൃത്തി ചെയ്ത ആളിന്റെ പേര്, ഹാജർ, വേതനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
IF/1039124	ആട്ടിൻകൂട് നിർമ്മാണം (സലില എസ്.)	17.05.2024 (എം. ബുക്ക് നമ്പർ 301/2023-24)	7276/7277 Dt.17.06.2024	പ്രിന്റഡ് മസ്റ്റർ റോളിൽ പ്രവൃത്തി ചെയ്ത ആളിന്റെ പേര്, ഹാജർ, വേതനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തുക എഫ്.ടി.ഒ ചെയ്തതിന്റെ രേഖകൾ ഇല്ല

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് മെറ്റീരിയൽ പേയ്മെന്റ് എൻട്രി നടത്തിയതിന് ശേഷം സെമിസ്കിൽഡ് മസ്റ്റർ റോൾ എടുത്താൽ മാത്രമേ ഗുണഭോക്താവിന് സമയബന്ധിതമായി പേയ്മെന്റ് ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഉൾപ്പെടുത്തേണ്ട വിവരങ്ങൾ മസ്റ്റർ റോളിൽ ഉടൻ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകി. പ്രവൃത്തി നടക്കുന്ന സമയത്താണ് മസ്റ്റർ റോൾ തയ്യാറാക്കേണ്ടത് എന്നതിനാലും മസ്റ്റർ റോളിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ അതത് സമയം ഉൾപ്പെടുത്തണം എന്നതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. സമയബന്ധിതമായും ആവശ്യം വേണ്ട രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തിയും മസ്റ്റർ റോൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം. 37/2023-24 Dt. 07.12.2024).

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് **(രൂ.)**	വരവ്**(രൂ.)** (RP- 30)	ആകെ **(രൂ.)**	ചെലവ് **(രൂ.)**	നീക്കിയിരിപ്പ് **(രൂ.)** (RP 40-B പ്രകാരം)
ഭരണചെലവുകൾ	0	20,76,036	20,76,036	20,65,065	10,971
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,89,59,000	5,89,59,000	5,89,59,000	0
ആകെ	**0**	**6,10,35,036**	**6,10,35,036**	**6,10,24,065**	**10,971**

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.05.2022 മുതൽ 20.05.2022 വരെ	2021-22 (01.08.2021 മുതൽ 31.03.2022 വരെ)	01.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.11.2018 മുതൽ 27.11.2018 വരെ	2013-14 മുതൽ 2017-18 വരെ	22.12.2018

1-11 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകളൊന്നും തന്നെ

ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളുടെ വിവരവും ഇവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.09/തീ.05.12.2024) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 16 റേഷൻ കട ഉടമസ്ഥരും ലൈസൻസ് നേടുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 247 വാണിജ്യ സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 203 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മുൻ വർഷം ഇത് 214 ആയിരുന്നു. മുൻ വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.22/തീ.06.12.2024) മുൻ വർഷം ലൈസൻസ് നേടി തൻ വർഷം ലൈസൻസ് പുതുക്കാതിരിക്കുകയും ചെയ്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് നേടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീ ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-13 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18 പട്ടിക-3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി നിശ്ചിത മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് ലഭിച്ചവരിൽ നിന്ന് വൈദ്യുതി കൊണ്ടുപ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	അപേക്ഷകരുടെ പേര്	ലൈസൻസ് നം.	സ്ഥാപനത്തിന്റെ പേര്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട നികുതി (രൂ.)
1	ജലീൽ.കെ	A8-114/400222/RPTL20/GPO/2023/976	ജുമൈല സാമിൽ	25 HP	300/-
2	സുമയ്യ.എസ്	A8-91/400222/RPTL20/GPO/2023/1689	എസ്.എൻ. ഫ്ലവർ മിൽ	10 HP	100/-
3	സീനത്ത് ബഷീർ	A8-135/400222/RPTL20/GPO/2023/817	റോയൽ ബ്രിക്ക് & ടൈൽസ്	9 HP	100/-
4	റഹീനാബീവി എസ്	A8-137/400222/RPTL20/GPO/2023/2473	ഫ്ലവർ മിൽ	7.5 HP	100/-
5	മുരളീധരൻ നായർ പി	A8-160/400222/RPTL20/GPO/2023/2727	ഫ്ലവർ മിൽ	10 HP	100/-
6	റജിലബീവി	A8-175/400222/RPTL20/GPO/2023/4398	ജെഫിൻ ഫ്ലവർ മിൽ	5 HP	50/-

മേൽ അപാകത്തിന് മറുപടിയായി (ഓഡിറ്റ് എൻകൃയറി നം.6/തീ.05.12.2024) പട്ടികയിലുള്ളവരിൽ നിന്ന് Permit Fee For Running Machinery എന്ന ഇനത്തിൽ ഫീസ് ഇടാക്കിയിട്ടില്ലായെന്നും ആയത് ഈടാക്കി റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിച്ചു. മോട്ടോർഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം(3)3 എന്നിവ പ്രകാരം നിശ്ചിത എണ്ണത്തിലധികം മൃഗങ്ങളെ/പക്ഷികളെ പരിപാലിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും

നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

ക്രമ നം.	ഇനം	എണ്ണം (സ്വകാര്യം)
1	ഡയറിഫാം	5
2	ഗോട്ട് ഫാം	4
3	ഇറച്ചിക്കോഴി	10
4	മുട്ടകോഴി	2

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.24/തീ.07.12.2024) 2023-24 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2 പൗൾട്രി ഫാം, 1 ഇന്റഗ്രേറ്റഡ് ഫാം, 1 പന്നി ഫാം എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. ഫീൽഡ് തല പരിശോധന നടത്തി മേൽ പരാമർശിക്കും പ്രകാരം ലൈസൻസ് ആവശ്യമായ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-15-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ആക്ടിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം (3)ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം (M^2)
1	5/79	കൃഷ്ണമ്മ	പാർപ്പിടാവശ്യം	65
2	5/80	വീരഭദ്രൻ	പാർപ്പിടാവശ്യം	62
3	5/87	രാധാകൃഷ്ണൻ	പാർപ്പിടാവശ്യം	62
4	5/134	വിജയമ്മ	പാർപ്പിടാവശ്യം	85
5	5/136	മന്ദാകിനി അമ്മ	പാർപ്പിടാവശ്യം	93
6	5/143	സഹദേവൻ	പാർപ്പിടാവശ്യം	72
7	5/264	സുഭദ്ര അമ്മ	പാർപ്പിടാവശ്യം	100
8	5/297	രത്നമ്മ	പാർപ്പിടാവശ്യം	108

ഇതിന് മറുപടിയായി (ഓഡിറ്റ് എൻകയറി നം.25/തീ.07.12.2024) മുകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് ഡാറ്റ എൻട്രി നടത്തിയപ്പോൾ എ.ആർ.വി. പ്രകാരം വസ്തു നികുതി പൂജ്യം എന്ന് രേഖപ്പെടുത്തുകയും ഘടനാപരമായ മാറ്റം ഇല്ല എന്ന് രേഖപ്പെടുത്തുകയും ചെയ്തതിനാലാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തു നികുതി പൂജ്യമായി കാണുന്നതെന്നും ഇവ വിശദമായി പരിശോധിച്ച്, വേണ്ടതാണെങ്കിൽ തിരുത്തലുകൾ വരുത്തി ഡിമാൻഡ് ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ഇത്തരത്തിൽ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതും തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-15-2 പരിഷ്ക്കരിച്ച വസ്തു നികുതി നിരക്ക് ഈടാക്കിയില്ല

സ.ഉ(കൈ)നം. 77/2023/LSGD., തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(അ)നം.25/2023/തസ്വഭവ., തീയതി 05.04.2023 ഉത്തരവ് പ്രകാരം ഉപയോഗക്രമമനുസരിച്ച് ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്നു. ഇതിനെ തുടർന്ന് ഭരണ സമിതിയുടെ 22/06/2023 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ അംഗീകരിച്ചിരുന്നു.

പഞ്ചായത്തിലെ 1, 2, 9 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ഉപയോഗ ക്രമം	വിസ്തീർണ്ണം (M^2)	Signed Date	ഈടാക്കിയ അടിസ്ഥാന വസ്തു നികുതി	ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി
1	1/313B	പാർപ്പിടാവശ്യം	126.94	19/04/2023	5	8
2	1/336A	പാർപ്പിടാവശ്യം	65	19/05/2023	5	8
3	1/152A	പാർപ്പിടാവശ്യം	13	22/05/2023	5	8
4	1/179B	പാർപ്പിടാവശ്യം	182.26	04/08/2023	5	8
5	2/86B	പാർപ്പിടാവശ്യം	46	26/04/2023	5	8
6	2/89B	പാർപ്പിടാവശ്യം	45	24/05/2023	5	8
7	2/148C	പാർപ്പിടാവശ്യം	190.18	08/06/2023	5	8
8	9/269A	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	31.21	22/05/2023	40	60
9	9/269B	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	29.19	22/05/2023	40	60
10	9/269C	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	29	22/05/2023	40	60

2023-24 വർഷം നികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തു നികുതി നിരക്ക് ബാധകമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.28/തീ.07.12.2024) ടി കെട്ടിടങ്ങളുടെ വസ്തുനികുതി എപ്രകാരമാണ് സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തേണ്ടത് എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നിർദ്ദേശം ലഭ്യമാകാതിരുന്നതിനാലും, ഐ.കെ.എം.-ൽ നിന്നും അപ്ഡേഷൻ വരാത്തതിനാലുമാണ് പഴയ നിരക്കിൽ തന്നെ നികുതി നിൽക്കുന്നതെന്നും മറുപടി ലഭ്യമായി. പുതുക്കിയ നിരക്കിലേക്ക് വസ്തുനികുതി മാറ്റം വരുത്തി സോഫ്റ്റ്വെയറിൽ അപ്ഡേഷൻ നടത്തി നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15-3 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടങ്ങൾക്ക് ഇളവ് നൽകൽ - അപാകങ്ങൾ

സ.ഉ(എം.എസ്)നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി)യിൽ താഴെ വിസിതീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമസ്ഥന്റെ പേര്, മേൽവിലാസം	നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ
1	അബ്ദുൾ ഹമീദ്, സബിത	12/117A, 12/117B
2	അസിനാരുപിള്ള, തടത്തരികത്തുവീട്	10/159, 10/160
3	കൃഷ്ണൻകുട്ടി നായർ, ജിത്ത് നിവാസ്	12/352A, 12/352B, 12/352C
4	കുഞ്ഞി, വട്ടയം ലക്ഷം വീട്	1/17, 1/19
5	സജിമോൻ, ഏലിയാമ്മ ജോൺ (സെലിൽ കോട്ടേജ്)	14/350A, 15/350A
6	സിയാദ് ഖാൻ, ചടയമംങ്കലം ഹൌസ്	12/173, 12/174

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/തീ.09.12.2024) പത്രികയിലെ ക്രമ നം. 5 ഒഴികെയുള്ള കെട്ടിട ഉടമസ്ഥർ അവരുടെ പഴയ കെട്ടിടം പൊളിച്ച് കളഞ്ഞ ശേഷം പ്രസ്തുത

സ്ഥലത്ത് പുതിയ കെട്ടിടം നിർമിച്ച് പുതിയ നമ്പർ നേടിയതാണെന്ന് മറുപടി ലഭ്യമായി. ക്രമ നമ്പർ 5ൽ സൂചിപ്പിക്കുന്ന കെട്ടിട ഉടമസ്ഥന് ഒരു കെട്ടിടം മാത്രമാണുള്ളതെന്നും സഞ്ചയയിൽ വാർഡ് രേഖപ്പെടുത്തിയതിന്റെ പിഴവ് കാരണമുണ്ടായ അപാകമാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്ത് അപാകത പരിഹരിക്കേണ്ടതാണ്.

1-15 വസ്തു നികുതി അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു

1-16 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1. ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	തൊഴിൽ നികുതി അടവാക്കാത്ത അർദ്ധ വർഷം
1	എം. കെ. ഹോളോ ബ്രിക്സ്	I, II
2	നീനു ക്രഷർ ഇൻഡസ്ട്രി	I, II
3	അമ്മ ലബോറട്ടറി	I, II
4	സ്വീറ്റ് ടൂത്ത് ഡെന്റൽ ക്ലിനിക്ക്	I, II
5	സൺടെക്ക് ഇൻഡസ്ട്രീസ് Pvt. Ltd.	I, II
6	പ്ലാങ്കാല ഫ്യൂവൽസ്	I, II
7	ഇൻസ്റ്റകാർട്ട് Pvt. Ltd.	II

2. ഹോമിയോ ഡിസ്പെൻസറിയുടെ തൊഴിൽ നികുതി പത്രികയിൽ അറ്റൻഡർ, പി.ടി.എസ്. എന്നീ തസ്തികകളിലെ ജീവനക്കാരിൽ നിന്ന് 750/- രൂപയും 450/- രൂപയും തൊഴിൽ നികുതി ഈടാക്കിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ബോധ്യമായിട്ടില്ല.
3. സതീഷ് കുമാർ ഒ.പി. ക്ലിനിക്കിന്റെ 2ാം അർദ്ധ വർഷ തൊഴിൽ നികുതി പത്രിക പ്രകാരം 3 ജീവനക്കാരിൽ നിന്ന് 1,300/- രൂപയാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. എന്നാൽ രസീത് നമ്പർ 1230203781(23/02/2024) പ്രകാരം 1,200/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ.

ക്രമ നം. (1) പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻകയറിക്ക് (നം.23/തീ.06.12.2024) ലഭ്യമായത്. ക്രമ നമ്പർ 2, 3 ൽ പറഞ്ഞിരിക്കുന്ന വിഷയത്തെ കുറിച്ച് മറുപടിയിൽ പരാമർശിക്കുന്നില്ല. പ്രസ്തുത അപാകങ്ങൾ പരിഹരിക്കുകയും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിശദാംശവും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.21/തീ.06.12.2024) മറുപടിയായി ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നും പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ മാത്രം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നവർ അല്ലാത്തതിനാൽ ടി കരാറുകാർ മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്നറിയാൻ കഴിയില്ലെന്നുമാണ് അറിയിച്ചത്.

2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	വിലാസം

1	Surendran Nair G	Krishnenduvil, Poovakkad Panayam
2	Shiju S	Roadarikathu Veedu, Elikottukonam, Vembayam
3	Aji BA	Mulamoottil Vilkathu Veedu, Pirappancode
4	Hashim	Sajad Manzil, Chullulam Koonavenga PO
5	Suresh S	Anjana Thekkada Vembayam
6	Vinod	Attukadavil Veedu, Chellanchi, Perayam
7	Saseendran Nair	S M Sadanam, Mamoodu Pullampara
8	Nisarudeen	Darulsalam, Sabarmathy Lane, Venjaramood
9	Shibukumar M	Karthika, Venkamala, Maruthammoodu
10	Jayakumar	Jayavilasom, Chellanchi, Perayam
11	Sreekumar	Mangalasseri Veedu Keezhayikonam Nellanadu
12	Sivadasan	Edathara Veedu, Plappatti, Venjaramood
13	Ramesh Chandran	Kamala Vilasom, Panayam, Venjaramood
14	Sunil Kumar	Padmalayam, 8/241 Vazhottukonam TVPM
15	E Jayan Raj	Sameeram Malanchutt, Tvpm
16	Biju VL	Chirayil Veedu, Pullampara Venjaramoodu
17	Abhijith RG	Chittadathu Veedu Nedumangadu
18	Sajad	Sajad Manzil, Chullalam Koonanvenga P O

മേൽ സൂചിപ്പിച്ച കരാറുകാർ 60 ദിവസത്തിൽ കൂടുതൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ തദ്ദേശ സ്ഥാപനത്തിൽ നികുതി അടച്ചിട്ടില്ല എന്നും ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-18 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷം ഉപയോഗിച്ചു

പദ്ധതി നം.	85
പദ്ധതിയുടെ പേര്	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക:	രൂ.5,76,726/- (126726/- വികസന ഫണ്ട് – ജനറൽ + 450000 -മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ് തുക	രൂ.4,50,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ബിൽ നം./ തീയതി/തുക	157/05.08.2023, രൂ.4,50,000/-

ടി പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക്/വിതരണ വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി മൃഗാശുപത്രിയിൽ മരുന്ന് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന മരുന്നുകൾ കാലഹരണ തീയതിക്ക് ശേഷം ഉപയോഗിച്ചതായി കാണുന്നു.

മരുന്നിന്റെ പേര്	വാങ്ങിയ എണ്ണം/വില	കാലഹരണ തീയതി	വിതരണം ചെയ്ത തീയതി
ഡി മഗ് സ്പ്രേ 50 Ml	50 എണ്ണം (രൂ.4082.50)	07/2024	31.08.2024ൽ 4 എണ്ണം 30.09.2024ൽ 3 എണ്ണം
റാനിറ്റഡിൻ ഇഞ്ചക്ഷൻ 2 Ml	വാങ്ങിയത് 250 എണ്ണം (രൂ.1,204/-)	04/2024	1.05.2024ൽ 20 എണ്ണം 30.06.2024ൽ 20 എണ്ണം

			31.07.2024ൽ 21 എണ്ണം 31.08.2024ൽ 17 എണ്ണം

കാലഹരണ തീയതി കഴിഞ്ഞും മരുന്നുകൾ ഉപയോഗത്തിനായി വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/തീ.10.12.2024) മറുപടി ലഭ്യമാക്കിയില്ല. കാലഹരണ തീയതി കഴിഞ്ഞ് ഉപയോഗത്തിനായി മരുന്നുകൾ വിതരണം ചെയ്യുന്നത് ഡ്രഗ്സ് കൺട്രോൾ ആക്ട് പ്രകാരം കുറ്റകരമാണ്. കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ ഉപയോഗത്തിനായി വിതരണം ചെയ്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നല്കേണ്ടതാണ്.

1-19 വൃദ്ധജന രോഗ പ്രതിരോധ ചികിൽസ പദ്ധതി - ഔഷധിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

1.

പദ്ധതി നം.	42
പദ്ധതിയുടെ പേര്	ഉണർവ് - വൃദ്ധജന രോഗ പ്രതിരോധ ചികിൽസ പദ്ധതി
അടങ്കൽ തുക	രൂ.3,00,000/-
ചെലവ് തുക	രൂ.3,00,000/-
ഫണ്ടിനം	വികസന ഫണ്ട്
ബിൽ നമ്പർ/തീയതി/ തുക	190/22.09.2023, രൂ.3,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

മരുന്നുകളുടെ മുഴുവൻ വിലയായ 3,00,000/- രൂപ 22.09.2023 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം **7 മാസങ്ങൾ** കഴിഞ്ഞ്**, 21.04.2024** തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	തുക (രൂ.)	മരുന്നുകൾ ലഭ്യമായ തീയതി
01	90317372/31.10.2023	2,22,339	22.11.2023
02	90321872/30.11.2023	53,436	09.12.2023
03	90330124/30.01.2024	12,854	09.12.2023
04	90337610/25.03.2024	11,370	**21.04.2024**
	ആകെ	**2,99,999**	

2.

പദ്ധതി നമ്പർ	1
പദ്ധതിയുടെ പേര്	ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	രൂ.4,00,000/-
ചെലവ് തുക	രൂ.4,00,000/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ/തീയതി/ തുക	146/25.07.2023, രൂ.4,00,000/-

മരുന്നുകളുടെ മുഴുവൻ വിലയായ 4,00,000/- രൂപ 25.07.2023 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം **13.10.2023** തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

ക്രമ നമ്പർ	ബിൽ നമ്പർ/തീയതി	തുക (രൂ.)	മരുന്നുകൾ ലഭ്യമായ തീയതി
01	90308096/04.08.2023	1,50,750	05.08.2023
02	90307597/31.07.2023	37,527	05.08.2023
03	90308652/12.08.2023	1,18,292	14.08..2023
04	90309685/24.08.2023	55,221	13.09.2023
05	90313506/29.09.2023	20,208	13.10.2023

06	90329946/29.01.2024	18,002	**13.10.2023**
	ആകെ	4,00,000	

മേൽ പദ്ധതികളിൽ നിർവ്വണ ഉദ്യോഗസ്ഥനും, മരുന്ന് വിതരണക്കാരുമായുള്ള കരാറിന്റെ ഒന്നാം നിബന്ധന പ്രകാരം മരുന്നുകളുടെ വില നൽകി **60 ദിവസത്തിനകം** മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുമെന്നായിരുന്നു കരാർ. എന്നാൽ ഈ നിബന്ധന പാലിക്കപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/തീ.05.12.2024) ഔഷധി കമ്പനി സെക്രട്ടറിയോട് സി-97/24/തീയതി 03.12.2024 കത്ത് പ്രകാരം വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതായി മറുപടി നൽകി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-20 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഹോംകോയുമായി കരാർ ചമച്ചില്ല

പദ്ധതി നമ്പർ	35
പദ്ധതിയുടെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	രൂ.1,50,000/-
ചെലവ് തുക	രൂ.1,50,000/-
ഫണ്ടിനം	മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ/തീയതി/ തുക	238/06.11.2023, രൂ.1,50,000/-

മേൽ പദ്ധതിയിൽ മരുന്നുകളുടെ വിലയായ 1,50,000/- രൂപ **06.11.2023**ന് നൽകിയിരുന്നുവെങ്കിലും **19.02.2024**-നാണ് മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തത്.

ബിൽ നം./ തീയതി	തുക(രൂ.)
623/13.07.2024	52,940
117/11.05.2024	45,876
2984/19.02.2024	51,184
ആകെ	1,50,000

മരുന്നുകളുടെ വില പൂർണ്ണമായും നൽകിയിട്ടും 3 മാസങ്ങൾക്ക് ശേഷമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്. നിർവ്വഹണ ഉദ്യോഗസ്ഥനും മരുന്ന് വിതരണക്കാരായ ഹോംകോയുമായുള്ള കരാർ പരിശോധനയ്ക്ക് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം.07/തീ.05.12.2024) മറുപടിയായി കത്ത് നം. സി-98/24 തീയതി 03.12.2024 പ്രകാരം കരാർ ലഭ്യമാക്കുവാൻ മരുന്ന് വിതരണക്കാരോട് ആവശ്യപ്പെട്ടതായി മറുപടി നൽകി. പദ്ധതിയുടെ ആരംഭഘട്ടത്തിലാണ് കരാറിൽ ഏർപ്പെടേണ്ടിയിരുന്നത്. മരുന്ന് വിതരണത്തിന് താമസം നേരിടാതിരിക്കുന്നതിന് ഭാവിയിൽ മരുന്ന് വിതരണക്കാരുമായി കരാർ ചമയ്ക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

1-21 പൊതു സ്ഥലങ്ങളിൽ സി.സി.ടി. വി ക്യാമറ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ	241/2024
പ്രോജക്റ്റിന്റെ പേര്	പൊതു സ്ഥലങ്ങളിൽ സി.സി. ടി. വി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	രൂ.50000/- (തനത് ഫണ്ട്)
ചെലവ്	രൂ.46716/-
Sanction Order No.	438/ 10.03.2024 - രൂ.46716/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തും തേമ്പാമൂട് ജംഗ്ഷനിലും 4 സി.സി. ടി.വി-കൾ സ്ഥാപിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

1. ക്വട്ടേഷൻ ക്ഷണിച്ച് Cyber Care Infoway എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് നം. 315/തീ.15.07.2023 പ്രകാരം ജി.എസ്.ടി ഇനത്തിൽ രൂ.7,126/- കൂടി ഈടാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സിൽ സ്ഥാപനത്തിന്റെ GST Identification നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 01.03.2019ലെ 18/2019/ധനം. നമ്പർ

സർക്കുലർ പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി. എസ്. ടി. രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങളോ സേവനങ്ങളോ നല്കി കഴിഞ്ഞാൽ ജി.എസ്.ടി. നിയമം 2017 വകുപ്പ്-31 പ്രകാരം ജി. എസ്. ടി. ഇൻവോയ്സ് നല്കേണ്ടതുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് ജി.എസ്.ടി ഇൻവോയ്സ് അല്ല.

2. സി.സി.ടി.വി ഇൻസ്റ്റാൾ ചെയ്തതിന്റേയും കമ്മീഷൻ ചെയ്തതിന്റേയും വിശദാംശം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 18/തീ.06.12.2024ന് ബിൽ തുക രണ്ടരലക്ഷത്തിൽ കുറവായതിനാൽ ടി.ഡി.എസ് ഈടാക്കേണ്ടതില്ലാത്തതിനാലാണ് ജി.എസ്.ടി ഇൻവോയ്സ് നിർബന്ധമാക്കാതിരുന്നതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നും 01/07/2023ൽ സി.സി. ടി. വി കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇൻവോയ്സ് നം. 315/തീ.15.07.2023 പ്രകാരം Cyber Care Infoway എന്ന സ്ഥാപനം പഞ്ചായത്തിൽ നിന്ന് രൂ.7,126/- കൂടി ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. ജി.എസ്.ടി ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ജി.എസ്.ടി ഇനത്തിൽ തുക നൽകുന്നത് ഒഴിവാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ GST Invoice ഹാജരാക്കേണ്ടതാണ്.

1-22 സ്നേഹസ്പർശം ശാരീരിക വെല്ലുവിളി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പിലെ അപാകത

പദ്ധതിയുടെ പേരും നമ്പരും	സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (107/23)	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (114/23)
അടങ്കൽ തുക	രൂ.1000500/- രൂ.473250/- (വികസന ഫണ്ട്) രൂ.263625/- (ബ്ലോക്ക് ഫണ്ട്) രൂ.263625/- (ജില്ലാ ഫണ്ട്)	രൂ.231000/- രൂ.201000/- (വികസന ഫണ്ട്) രൂ.3000/- (ബ്ലോക്ക് ഫണ്ട്)
ചെലവ് തുക	രൂ.898125/-	രൂ.91800/-
ബിൽ/ചെക്ക് നം./തീയതി	184/21.9.2023 -രൂ.360000/- 253,254/18.11.2023 – രൂ.195000/- 304/13.12.2023 – രൂ.18000/- 343/5.1.2024 - രൂ.192000/- 412,415/24.2.2024 – രൂ.42000/- 544,545,551/24.3.24 - രൂ.91125/-	183/21.9.2023 -91800
നിർവ്വഹണഉദ്യോഗസ്ഥ	ഐ. സി. ഡി. എസ്. സൂപ്പർവൈസർ	

1) ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകുന്നതിനുള്ള പദ്ധതി. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ 49 പേർ അടങ്ങുന്ന ഗുണഭോക്തൃ പട്ടികയിൽ നിന്നും 19 പേർക്ക് മാത്രമാണ് സ്കോളർഷിപ്പ് നൽകിയത്. സ്കോളർഷിപ്പ് പൂർണ്ണമായി നൽകിയതുമില്ല. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്ക് വാർഷിക ബത്തയും ചലനശേഷിക്കുറവുള്ളവർക്ക് യാത്രാബത്തയും നൽകാവുന്നതാണ്, ഇവ നൽകിയതായും കണ്ടില്ല. ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിൽ നിന്നും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും സ്കോളർഷിപ്പും നൽകിയതായി കാണുന്നു. വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	ബാങ്ക് അക്കൗണ്ട് നം.	നൽകിയ തുക (രൂ.)
1.	സൗരവ് എസ്. പിള്ള	22390110072912	6000
2.	ദേശകൻ എസ്. ദ്രവിട്	67317295748	3000
3.	മുഹമ്മദ് ഫയാസ്	35576551770	6000
4.	സഹീന ആർ. വി.	67316673347	6000
5.	മുഹമ്മദ് സർഹാൻ	67321352532	6000
ആകെ തുക			27000

മേൽ വിവരിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളിൽ ദേശകൻ എസ്. ദ്രവിട് ഒഴികെ മറ്റാർക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകിയിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ 41 പേർ അടങ്ങുന്ന ഗുണഭോക്തൃ പട്ടികയിൽ നിന്നും 33 പേർക്ക് മാത്രമാണ് സ്കോളർഷിപ്പ് നൽകിയത് അതും പൂർണ്ണമായി നൽകേണ്ട തുകയായ രൂ.28,500/- നൽകിയതുമില്ല. വിദ്യാർത്ഥികൾക്ക് പൂർണ്ണമായി സ്കോളർഷിപ്പ് തുക നൽകാൻ തുക

വകയിരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പ് നം. 5/2023-24 തിയതി 05.12.2024-ന്റെ മറുപടിയിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ അർഹത മാനദണ്ഡത്തിൽ ഉൾപ്പെടാത്ത കാരണത്താലാണ് ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാവർക്കും സ്കോളർഷിപ്പ് തുക നൽകാത്തത്. കൂടാതെ അർഹമായ തുക വികസന ഫണ്ടിന്റെ അപര്യാപ്തത മൂലം യഥാസമയം ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നും വിദ്യാർത്ഥികൾക്ക് അർഹമായ തുകയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചത് ക്യൂ ബില്ലായെന്നും തുടർന്ന് അടുത്ത സാമ്പത്തിക വർഷത്തിൽ പൂർണ്ണമായി നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

മാനസിക വെല്ലുവിളി നേരിടുന്ന മേൽ വിദ്യാർത്ഥികൾ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ടിരുന്നു. ആയതിനാൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നൽകി, എന്നാൽ ഇവർ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളാണെന്ന് ബോധ്യപ്പെട്ടതിനാൽ അവരിൽ രണ്ട് പേർക്ക് (സൗരവ് എസ്. പിള്ള, ദേശകൻ എസ്. ദ്രവിട്) അർഹമായ ബാക്കി തുക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.107/23) നിന്നും നൽകി. മറ്റ് മൂന്ന് പേർക്കും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നല്കിയിട്ടുണ്ടെന്നും ഓഡിറ്റിൽ ഇവർ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഇവരെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന തുക കമ്മിറ്റിയുടെ തീരുമാന പ്രകാരം അനുവദിക്കുന്നതാണെന്നും അറിയിച്ചു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ തുടർ വർഷങ്ങളിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവരുടെ അപേക്ഷ പൂർണ്ണമായി സൂക്ഷ്മ പരിശോധന നടത്തി അർഹിക്കുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക പൂർണ്ണമായും ബജറ്റിന് മുന്നോടിയായി കണക്കാക്കി ആയത് വകയിരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഭാവിയിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ നിരക്കിൽ തുക വകയിരുത്തി നിർവ്വഹണം നടത്തേണ്ടതാണ്.

1-23 അങ്കണവാടികുളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - കേന്ദ്രവിഹിതമായ തുക ചെലവഴിച്ചില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ./തീ. 19.04.2022 ഖണ്ഡിക 8.8.2(1), (2) എന്നിവ പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് പറയുന്നു. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ്., ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ആവശ്യപ്പെടുന്നു. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 03-09-2010 തീയതിയിലെ നം. 39033/ഡി.സി.2/2010/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന്റെ അങ്കണവാടികളുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

ക്രമ നം.	ഭൗതിക സാഹചര്യം	അങ്കണവാടികളുടെ എണ്ണവും അവയുടെ ക്രമ നമ്പരും **ആകെ അങ്കണവാടികളുടെ എണ്ണം 25**
1	സ്വന്തം കെട്ടിടമല്ലാത്തവ (വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ)	1 എണ്ണം - അംഗനവാടി നം.55
2	ചുറ്റുമതിൽ ഇല്ലാത്തവ	3 എണ്ണം – അംഗനവാടി നം. 48, 51, 54
3	ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ	അംഗനവാടി നം. 23

2023-24 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അവശേഷിക്കുന്ന കേന്ദ്രവിഹിതമായ തുക രൂ. 27,20,845/- (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തിയഞ്ച് രൂപ) ചെലവഴിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രോജക്ടും രൂപ കൽപ്പന ചെയ്തിരുന്നില്ല. പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ 25 അങ്കണവാടികളിൽ 23 അങ്കണവാടിയും പതിനാലാം പഞ്ചവത്സര പദ്ധതി പ്രകാരം വിഭാവന ചെയ്ത ബാലസൗഹൃദ അങ്കണവാടികളായി

നാളിതുവരെ യാഥാർത്ഥമായില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്‌ലറ്റുകളും ബാലസൗഹൃദമല്ല. പഞ്ചായത്ത് പരിധിയിലെ അംഗനവാടികളുടെ അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ പര്യാപ്തമല്ലാത്തിനാൽ സർക്കാർ നിർദ്ദേശാനുസരണം അതത് വർഷം ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് അംഗൻവാടിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

1-24 ലൈഫ് പദ്ധതി നിർവ്വഹണത്തിലെ അപാകം

1) ലൈഫ് പദ്ധതി (എസ്.സി) അകൗിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വിവിധ കാലയളവുകളിൽ ആദ്യ ഗഡുവായ രൂ.40,000/- കൈപ്പറ്റിയതിന് ശേഷം, പണി ആരംഭിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല.

ക്രമ നം.	വ്യക്തിയുടെ പേര്/ വാർഡ് നം.	ആദ്യ ഗഡു നൽകിയ തീയതി/ തുക	ലൈഫ് പദ്ധതി (എസ്.സി) അകൗിറ്റൻസ് രജിസ്റ്റർ പേജ് നം.
1.	ഷീജ വി. വാർഡ് – 10 ചരുവിള പുത്തൻ വീട്	08.02.2023 രൂ.40000/-	83
2.	ജി. രാധമ്മ വാർഡ് – 7 ശ്രീനാരായണ ഭവൻ ചെല്ലഞ്ചി	08.02.2023 രൂ.40000/-	89
3.	അനീഷ ജെ. വാർഡ് – 4 വാലിക്കുന്നിൽ വീട്	24.02.2023 രൂ.40000/-	107
4.	സിന്ധു ആർ. വാർഡ് – 1 ചരുവിള പുത്തൻ വീട്	15.03.2023 രൂ.40000/-	119
5.	ഷജിത്ത് കുമാർ ജെ. വാർഡ് – 11 പാട്ടുവിള കുന്നിൽ പുത്തൻ വീട്	20.03.2023 രൂ. 40000/-	127
6.	സിന്ധു എസ്. വാർഡ് – 10 കോടാലിക്കുഴി വീട്	15.03.2023 രൂ.40000/-	137
7.	അഞ്ചു പി. വാർഡ് – 6 കട്ടയ്ക്കാലിൽ വീട്	05.07.2023 രൂ.40000/-	189
8.	സരിത എസ്. വാർഡ് – 9 ചന്തവിള വീട്	22.06.2023 രൂ.40000/-	195
9.	സരിത എൻ വാർഡ് – 7 ചരുവിള പുത്തൻ വീട്	30.09.2023 രൂ.40000/-	207
10.	ഷീജ സി. വാർഡ് – 1 ഷീജ വിലാസം	22.01.2024 രൂ.40000/-	215

2) ലൈഫ് പദ്ധതി (ജനറൽ) അകൗിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ വിവിധ കാലയളവുകളിൽ ആദ്യ ഗഡുവായ രൂ.40,000/- കൈപ്പറ്റിയതിന് ശേഷം, പണി ആരംഭിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായി കാണുന്നില്ല.

ക്രമ നം.	വ്യക്തിയുടെ പേര്/ വാർഡ് നം.	ആദ്യ ഗഡു നൽകിയ തീയതി/തുക	ലൈഫ് പദ്ധതി (ജനറൽ)അക്കൗണ്ടൻസ് രജിസ്റ്റർ പേര്/നം.
1.	വി. ദാമോദരൻ ആചാരി വാർഡ് – 1 വിളയിൽ പുത്തൻ വീട്	14.11.2023 രൂ.40000/-	11
2.	സുധ സി. വാർഡ് – 2 പുതുവൽ പുത്തൻ വീട്	14.11.2023 രൂ.40000/-	39
3.	സുനിതകുമാരി ആർ. വാർഡ് – 10 തടത്തരികത്ത് വീട്	14.11.2023 രൂ.40000/-	105
4.	ആബിദാബീവി വാർഡ് – 15 ചരുവിള പുത്തൻ വീട്	14.11.2023 രൂ.40000/-	161
5.	അജിതകുമാരി എൽ. വാർഡ് – 1 മഞ്ചാടി ചരുവിള പുത്തൻ വീട്	22.01.2024 രൂ.40000/-	189
6.	ശാന്ത സി. വാർഡ് – 2 പുതുവൽ പുത്തൻ വീട്	22.01.2024 രൂ.40000/-	197
7.	അച്ചാമ്മ എസ്. വാർഡ് – 14 തടത്തരികത്ത് വീട്	22.01.2024 രൂ.40000/-	201

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (നം. 33 & 34/24/തീ. 09.12.2024)ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കാലതാമസത്തിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. വീട് പണി ആരംഭിക്കാത്ത സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-25 ഹരിത കർമ്മ സേന പ്രവർത്തന അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേന മുഖാന്തിരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻകൗയറി നം.10/ തീ.05.12.2024)ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മാലിന്യ ശേഖരണം - അടിസ്ഥാന വിവരങ്ങൾ

1	പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	15
2	വാസഗൃഹങ്ങളുടെ എണ്ണം	5392

3	സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ)	350
4	പൊതു ചന്തകളുടെ എണ്ണം	ഇല്ല
5	ഓഡിറ്റോറിയങ്ങളുടെ എണ്ണം	1
6	ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം	30
7	പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം	Waste Management Solution
8	ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	33395 Kg

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 15 വാർഡുകളിലായി ആകെ 30 അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത് {(സ.ഉ(സാധാ.)നം.2470/2017/തസ്വഭവ., തീ.15.07.2017 പ്രകാരം രൂപീകൃതമായി).

ഗ്രാമപഞ്ചായത്തിൽ 100% വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023ലെ സ.ഉ.(സാധാ)നം. 1068/2023/LSGD. ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി സേവനം 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. 100% വാതിൽപ്പടി ശേഖരണം പൂർത്തിയാക്കുവാൻ സാധിച്ചതായി അറിയിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയ്ക്കായുള്ള ഒരു മുച്ചക്ര ഇലക്ട്രിക് വാഹനത്തിന് ഹരിത കർമ്മ സേന കൺസോർഷ്യത്തിൽ നിന്നും ലൈസൻസുള്ള അംഗത്തെ ഡ്രൈവറായി നിയോഗിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (സ.ഉ.(സാധാ)നം.1496/2020/ത.സ.ഭ.വ., തീ.12.08.2020, സ.ഉ.(സാധാ)നം. 1971/2023/LSGD., തീ.07.10.2023). ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ വരവ-ചെലവ് കണക്കുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായി അറിയിച്ചിട്ടുണ്ട്.

മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ

ഉല്പാദകരുടെ ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിൽ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ല. മാലിന്യങ്ങൾ/പാഴ്വസ്തുക്കൾ ഉറവിടത്തിൽ തരം തിരിക്കുന്നതിനായി ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല. മാലിന്യങ്ങൾ/ പാഴ്വസ്തുക്കൾ ഉറവിടത്തിൽ തരം തിരിക്കാൻ പ്രത്യേക പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കുന്നില്ല {സ.ഉ. (സാധാ)നം. 1971/2023/LSGD., തീ.07.10.2023}. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ/അജൈവ മാലിന്യങ്ങൾ കയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്

സി.സി. ടിവി, എം.സി.എഫ്-ലെ അടിസ്ഥാന സൗകര്യങ്ങൾ, ഫയർ സേഫ്റ്റി ഉപകരണങ്ങൾ, സ്റ്റോറേജ് ഫെസിലിറ്റി എന്നിവ ഉറപ്പാക്കുന്നതിന് {സ.ഉ. (സാധാ)നം. 1971/2023/LSGD., തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

മാലിന്യം ശേഖരണം, നീക്കം ചെയ്യൽ

ഹരിത കർമ്മ സേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരള കമ്പനിയുമായാണ് ഗ്രാമപഞ്ചായത്ത് കരാർ ചമച്ചിട്ടുള്ളത്. 2023-24 വർഷം പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ മാലിന്യ നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	33395 Kg
കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ പാഴ്വസ്തുക്കളുടെ അളവ്	0 Kg
തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	33395 Kg
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	0/-
ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	0/-

ബന്ധപ്പെട്ട ഏജൻസി നിലവിൽ ഷെഡ്യൂൾ പ്രകാരമുള്ള കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിൽ നടപ്പാക്കിയിട്ടില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേന വീടുകളിൽ സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പഞ്ചായത്തിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് കാണുന്നു. കൂടുതൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.

ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ.(സാധാ)നം. 1971/2023/LSGD., തീ.07.10.2023, G.O.(Rt)No. 922/2023/LSGD., തീ. 26.04.2023, സ.ഉ.(സാധാ)നം. 1068/2023/LSGD., തീ. 20.05.2023} നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല (16.05.2022ലെ സ.ഉ.(സാധാ) നം.1227/2022/LSGD.). ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ഇമേജ് എന്ന സ്ഥാപനം മുഖാന്തിരം നീക്കം ചെയ്യുന്നുണ്ട്. നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു (26.04.2023ലെ G.O.(Rt)No. 922/2023/LSGD). 2023-24 വർഷം ഗ്രാമപഞ്ചായത്തിൽ ഇതിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)No.7844/2023(S)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കൂടുതൽ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ

ഹരിത കർമ്മ സേനയുടെ പ്രതിമാസ യൂസർ ഫീ കളക്ഷൻ ഹരിത മിത്രം ആപ്പ് മുഖേന നടപ്പാക്കുന്നുണ്ട്. നിലവിൽ ഹരിത മിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്തിലെ 100% വീടുകളുടെയും/സ്ഥാപനങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തീകരിച്ച് കളക്ഷൻ ആരംഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. പൂട്ടിയിട്ട വീടുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഒഴികെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച വീടുകളുടെ/സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസ കളക്ഷൻ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. പൂട്ടിയിട്ട വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അജൈവ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്ന് ഹരിത കർമ്മ സേന ഉറപ്പുവരുത്തുന്നുണ്ട്. സ.ഉ.(സാധാ)നം.2481/2023/LSGD., തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് യൂസർ ഫീ ഇളവ് നൽകിയിട്ടില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ഹരിത കർമ്മ സേനാംഗങ്ങളെ നിയോഗിച്ച് ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കാന്നുണ്ട് (07.10.2023ലെ സ.ഉ.(സാധാ)നം. 1971/2023/LSGD). ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	രൂ.2777400/-
ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	രൂ.66000/-
മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	0

മാലിന്യ ചട്ടങ്ങളുടെ ലംഘനം

2016ലെ ഖരമാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, അസി. സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സെക്ഷൻ ക്ലാർക്ക്, വി.ഇ.ഒ.-മാർ, എന്നിവർ അടങ്ങിയ പ്രത്യേക വിജിലൻസ് സ്കാഡ് രൂപീകരിച്ചിട്ടില്ല (04.08.2023ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23-ാം നമ്പർ സർക്കുലർ പ്രകാരം).

2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യ ചട്ടങ്ങൾ ലംഘിച്ചവർക്കെതിരെ നോട്ടീസുകളും മുന്നറിയിപ്പ് കത്തുകളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ബൾക്ക് വേസ്റ്റ് ജനറേറ്ററുകളായ ചിക്കൻ കട്ടിംഗ് സെന്ററുകൾ, സ്റ്റാളുകൾ എന്നിവ ചിക്കൻ റെന്ററിംഗ് യൂണിറ്റുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മാലിന്യം സംസ്ക്കരണം ഉറപ്പാക്കുന്നതിനായി ഇത്തരം സ്ഥാനങ്ങളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്കാഡ് പരിശോധന കർശനമായി നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

ബോധവത്കരണം, പ്രചാരണം

മാലിന്യ നിർമാർജനത്തിനായി ബോധവത്കരണം നടത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ

എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് സ.ഉ.(സാധാ)നം. 1971/2023/LSGD., തീ.07.10.2023). കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD., തീ.09.06.2023 പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും ആയതിന് പരാമവധി പ്രചാരണം നൽകേണ്ടതുമാണ്.

മോണിറ്ററിംഗ്

ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷം ഗ്രാമപഞ്ചായത്ത് 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ആവശ്യമായ സി.സി. ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. {സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023} ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിത മിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിൽ ഒരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണ് {സ.ഉ.(സാധാ)നം.2231/2023/LSGD., തീ.12.11.2023 പ്രകാരം}. എല്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിലും ഹരിത മിത്രം ആപ്ലിക്കേഷൻ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മാലിന്യ നിർമ്മാർജ്ജനം കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

*പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

*ഹരിത കർമ സേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

*ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

*മാലിന്യ മുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകത നിർണ്ണയ സർവേ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

*ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരം തിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

*സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നൽകുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

*ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫ്-ൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരം തിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫ്-ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിത കർമ്മ സേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

*മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

*അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

*എം.സി.എഫ്-ൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*ഹരിത കർമ്മ സേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്താവുന്നതാണ്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷ പദ്ധതികൾ, ഇ.എസ്.ഐ. സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.

*പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

1-26 വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വാങ്ങി നൽകൽ - പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല

പദ്ധതിയുടെ പേരും നമ്പരും	**209/2024 - വീടുകളിൽ ബയോകമ്പോസ്റ്റ് ബിൻ വാങ്ങി നൽകൽ**
അടങ്കൽ തുക	രൂ.432400/- (രൂ.259440/- -ധനകാര്യ കമ്മീഷൻ അവാർഡ്, രൂ.129720/- സംസ്ഥാനാവിഷ്കൃത ഫണ്ട്, രൂ.43240/- , ഗുണഭോക്തൃ വിഹിതം)
ചെലവ് തുക	രൂ.159250/- [143325 – ധനകാര്യ കമ്മീഷൻ അവാർഡ് + 15925 -ഗുണഭോക്തൃവിഹിതം)]
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ – സർക്കിൾ 1

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വാങ്ങി നൽക്കുന്നതിനുള്ള പദ്ധതി രൂപകല്പന ചെയ്തിരുന്നു. പദ്ധതി പ്രകാരം 200 യൂണിറ്റ് ബിന്നുകൾ വാങ്ങാൻ രൂ.2,162/- ക്രമത്തിൽ 10% ഗുണഭോക്തൃ വിഹിതവും 30% ശുചിത്വ മിഷൻ വിഹിതവും ചേർത്ത് രൂ.4,32,400/- അടങ്കൽ വെച്ചു. ആയത് പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും 275 പേർ അടങ്ങുന്ന ഒരു ഗുണഭോക്തൃ പട്ടിക തയ്യാറാക്കി മുൻഗണന പ്രകാരം 125 പേർക്ക് മാത്രമാണ് ബയോ കമ്പോസ്റ്റ് ബിൻ വാങ്ങി നൽകിയത്.

ലേലത്തിൽ ഏറ്റവും കുറഞ്ഞ തുക രൂ.1,274/- കോട്ട് ചെയ്ത ആലപ്പി ബയോ ടെക്ക് എന്ന സ്ഥാപനം ബിന്നുകൾ ലഭ്യമാക്കി. അടങ്കൽ തുക ബാക്കി നിൽക്കെ പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണ കുറിപ്പ് നം. 32/24/ തീ.09.12.2024ന്റെ മറുപടിയിൽ മുൻഗണന പ്രകാരം ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ 200 പേരിൽ 125 പേർ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയത്. ആയതിനാൽ ടി 125 പേർക്ക് മാത്രമേ ടി പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ബയോകമ്പോസ്റ്റ് ബിൻ വാങ്ങി നൽക്കുന്നതിന് കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളുവെന്നും നിലവിൽ ടി പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി ഏറ്റെടുത്തിട്ടുണ്ട്. 2024-25 വർഷത്തിൽ ടി പദ്ധതിയുടെ തുടർ നടത്തിപ്പ് നടന്നുവരുന്നുണ്ട് എന്നും അറിയിച്ചു. ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഗുണഭോക്താവിനും പദ്ധതിയുടെ ഗുണം ലഭിക്കേണ്ടതാണ്. ഉറവിട മാലിന്യ സംസ്ക്കരണത്തിൽ, ബയോ കമ്പോസ്റ്റ് ബിന്നുകളുടെ പ്രാധാന്യം/ആവശ്യകത പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന സബ്സിഡി ആനുകൂല്യം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തി വേണം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകരിച്ച് ആനുകൂല്യം നൽകേണ്ടത്. വരും വർഷങ്ങളിൽ പദ്ധതി രൂപീകരിക്കുമ്പോൾ ഈ വക കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്ന വിധത്തിൽ നിർവ്വഹണം നടത്തേണ്ടതുമാണ്.

1-27 പത്രപരസ്യം നൽകൽ - അധിക നിരക്കിൽ തുക നൽകി

എ) സ.ഉ.(അച്ചടി)നം.05/2021 ഐ. & പി.ആർ.ഡി, തീയതി 11.10.2021 പ്രകാരം ദേശാഭിമാനി ദിനപത്രത്തിന് ബാധകമായ പരസ്യ നിരക്ക് 57/Sq.Cmഉം മാതൃഭൂമിയ്ക്ക് ബാധകമായ നിരക്ക് 83/Sq.Cmഉം ആണ്. എന്നാൽ രൂ.250/- നിരക്കിൽ ദേശാഭിമാനിയ്ക്കും രൂ.85/- നിരക്കിൽ മാതൃഭൂമിയ്ക്കും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മാതൃഭൂമിയിൽ നിന്ന് 15% ഡിസ്ക്കൗണ്ട് നേടിയതായും കാണുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയ്സ് നം.	വിസ്തീർണ്ണം (Sq.Cm)	അനുവദിച്ച തുക (രൂ.)	അനുവദിക്കേണ്ട തുക (രൂ.)	വ്യത്യാസം (രൂ.)
1	ദേശാഭിമാനി ഇൻവോയ്സ് നം. TVM/23-24/1127 തീ.20.07.2023	200	200x250-15%Discount+GSt =44625	200x57-15%Discount+5%GST =10175	34450
2	മാതൃഭൂമി ഇൻവോയ്സ് നം. 321000032827 തീ.16.07.2023	302.50	302.50x85+GST =26998	302.50x83-15%Discount +5%GST=22408	4590

ഇപ്രകാരം അധിക തുക നൽകിയതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 39/തീ. 10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി) സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. S08/24 ലും ഇതേ അപാകത കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	S08/24	
പ്രോജക്ടിന്റെ പേര്	പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിങ്	
അടങ്കൽ	രൂ.200000/- (തനത് ഫണ്ട്)	
ചെലവ്	രൂ.103950/-	
ചെക്ക് നമ്പർ	721376/14.07.2023	രൂ.7140
	5894874/04.01.2023	രൂ.17850
	090356/29.09.2023	രൂ.7140
	090356/29.09.2023	രൂ.7140
	5894875/04.12.2023	രൂ.8925
	5894875/04.12.2023	രൂ.7140
	348597/31.01.2024	രൂ.1625
	Sanction Order No 335/01.01.2024	രൂ.8925
	Sanction Order No336/01.01.2024	രൂ.8925
	Sanction Order No337/01.01.2024	രൂ.1075
	366/20.01.2024	രൂ.12000
	388/09.02.2024	രൂ.7140
	399/14.02.2024	
നിർവ്വഹണം	സെക്രട്ടറി	

പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ് ചെലവുകൾ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ പരസ്യങ്ങൾ വിവിധ മാധ്യമങ്ങളിൽ നൽകിയ ഇനത്തിൽ ദേശാഭിമാനി പത്രത്തിന് വിവിധ ചെക്കുകളിലായി 89,250/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ.(അച്ചടി)നം. 05/2021 ഐ. & പി.ആർ.ഡി., തീ. 11.10.2021 പ്രകാരം ദേശാഭിമാനി ദിനപത്രത്തിന് ബാധകമായ പരസ്യ നിരക്ക് 57/Sq.Cm ആണ്. എന്നാൽ 250/- രൂപ നിരക്കിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയിസ് നം./തീയതി	അനുവദിച്ച പരസ്യ നിരക്ക്/ Sq.Cm	അനുവദിച്ച തുക രൂ.	അനുവദിക്കേണ്ട രൂ. തുക	വ്യത്യാസം രൂ.
1	TVM/23-24/0554/28.05.2023	250	32X250-15% Discount+5%GST=7140	32X57-15%Discount+5%Gst =1628	5512
2	TVM/23-24/0905/02.07.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
3	TVM/23-24/1070/13.07.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
4	TVM/23-24/1443/15.08.2023	250	32X250-15% Discount+5%GST=7140	32X57-15%Discount+5%Gst =1628	5512
5	TVM/23-24/1533/21.08.2023	250	32X250-15% Discount+5%GST=7140	32X57-15%Discount+5%Gst =1628	5512
6	TVM/23-24/1837/27.09.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
7	TVM/23-24/1945/27.09.2023	250	32X250-15% Discount+5%GST=7140	32X57-15%Discount+5%Gst	5512

				=1628	
8	TVM/23-24/2428/26.11.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
9	TVM/23-24/2251/09.11.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
10	TVM/23-24/2258/10. 11.2023	250	40X250-15%Discount+5% GST=8925	40X57-15%Discount+5%GST =2035	6890
11	TVM/23-24/3063/19.01.2024	250	32X250-15% Discount+5%GST=7140	32X57-15%Discount+5%Gst =1628	5512
				Total	68900

ഇപ്രകാരം പരസ്യ ഇനത്തിൽ അധിക തുക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.12/തീ.06.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 പേയ്മെന്റ് വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമല്ല

തനത് ഫണ്ടിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ ലഭ്യമല്ല. മാർച്ച് 2024ലെ മിക്ക പേയ്മെന്റ് വൗച്ചറുകളൊടൊപ്പവും ചെലവു രേഖകൾ ലഭ്യമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം./ തീയതി	ഇനം	തുക(രൂ.)
42301577/31.03.2024	വാഹനത്തിന്റെ മെയിന്റനൻസ്	13955
42301574/31.03.2024	ഇലക്ട്രിസിറ്റി ചാർജ്ജ്	63102
42301578/31.03.2024	സ്റ്റേഷനറി	770
42301607/31.03.2024	Cost Of Cutting Of Trees	10000
22300402/21.08.2023	കർഷക ദിനം ആചരിക്കുന്നതിന് കൃഷി ഓഫീസർക്ക് നൽകിയത്	10000

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം. 39/തീ. 10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധ രേഖകളുടെ അഭാവത്തിൽ പേയ്മെന്റ് വൗച്ചറുകളുടെ ആധികാരികത ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല. ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-29 പേയ്മെന്റ് ഓർഡർ ലഭ്യമാകുന്നതിന് മുമ്പ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു

പേയ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ പേയ്മെന്റ് ഓർഡർ ലഭ്യമാകുന്നതിന് മുമ്പ് തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേമെന്റ് ഓർഡർ നം./ തീയതി	ഇനം	തുക (രൂ.)	ചെക്ക് നം./ തീയതി
62340022200841/08.12.2023	T.A ആയ അരുണിന് നൽകിയ ഉത്സവബത്ത	2750	741430/21.08.2023
62340022200620/28.10.2023	അതിദരിദ്ര ലിസ്റ്റൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നത്	2040	090375/17.10.2023
62340022200695/10.11.2023	ഫെറിമാന് തുക നൽകുന്നത്	3870	690338/15.09.2023

പേയ്മെന്റ് ഓർഡർ ലഭ്യമാകുന്നതിന് മുമ്പ് തന്നെ ചെലവ് ചെയ്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.39/തീ.10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 അഡ്വക്കേറ്റ് ഫീസ് - ഇൻകംടാക്സ് ഈടാക്കിയില്ല

വൗച്ചർ നം. 22300645/തീ.12.11.2023 പ്രകാരം 27,500/- രൂപയും വൗച്ചർ നം. 22300333/തീ.25.07.2023 പ്രകാരം 8,000/- രൂപയും വക്കീൽ ഫീസിനത്തിൽ അഡ്വ. പി. വി. അനിലിന് നൽകിയിട്ടുണ്ട്. ഇൻകംടാക്സ് ആക്റ്റ് സെക്ഷൻ 194(ജെ) അനുശാസിക്കും വിധത്തിലുള്ള ആദായ നികുതി (10%) മേൽ പ്രകാരമുള്ള തുകയിൽ നിന്നും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം.39/തീ. 10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-31 പൊതു ടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നു

വൗച്ചർ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഉദാഹരണമായി വാട്ടർ അതോറിറ്റിയുടെ ബിൽ നം. 83530/തീ.20.03.2024 പ്രകാരം 29.02.2024 വരെ 2,24,776/- രൂപ കുടിശ്ശികയും 4,409/- രൂപ ഫൈൻ ഇനത്തിലും അടവാക്കാനുണ്ട്. കുടിശ്ശിക ഇനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നതിന്റെ കാരണം, കുടിശ്ശിക ഇനത്തിലെ തുക അടവാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 39/തീ. 10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-32 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013/ത.സ്വ.ഭ.വ., തീ. 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി)59/2012/തീ.6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ., തീ. 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങളും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ആസ്തി പരിപാലനത്തിനുമുള്ള പ്ലാൻ തയ്യാറാക്കുന്നതിന് കണക്കിവിറ്റി മാപ്പിംഗ് ആർ-ട്രാക്ക് വഴി 2019-20ൽ വിവര ശേഖരണം നടത്തി പ്ലാൻ, റോഡ് ലിസ്റ്റ് എന്നിവ തയ്യാറാക്കുകയും ടി പ്രവൃത്തിയുടെ വെരിഫിക്കേഷൻ സംബന്ധിച്ച ഫെയ്സ്-2 പൂർത്തീകരിച്ച് തുടർ നടപടികൾക്കായി കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് & എൻവിയോൺമെന്റ് സെന്ററിന് നൽകിയെന്നുമറിയിച്ചു. R.TRACK-മായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്ക് ശേഷം പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ GPS കോർഡിനേറ്ററുകൾ അടിസ്ഥാനമാക്കി കണക്കിവിറ്റി പ്ലാൻ തുടങ്ങി എല്ലാ NON MOVABLE ആസ്തിയുടേയും വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി (നം. 11/2023-24/തീയതി.06.12.2024).

1-33 എം.സി.എഫ്. യൂണിറ്റ് നവീകരണം – എഗ്രിമെന്റ് വെച്ച പ്രവൃത്തി ഉപേക്ഷിച്ചു

എം.സി.എഫ്. യൂണിറ്റ് നവീകരണം എന്ന പദ്ധതിക്ക് (180/2024) 2022-23ൽ എഗ്രിമെന്റ് വെയ്ക്കുകയും 2023-24 വർഷം സ്പിൽ ഓവർ ആക്കുകയും ചെയ്തു. രൂ.3,00,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) അടങ്കൽ വെച്ച പ്രസ്തുത പദ്ധതി തൊട്ടടുത്ത വർഷം ഉപേക്ഷിച്ചു.
മേൽ വിഷയത്തിനുള്ള ഓഡിറ്റ് അന്വേഷണത്തിന്, ധനകാര്യ കമ്മിഷൻ ഗ്രാന്റ് വകയിരുത്തുന്ന പദ്ധതികളിൽ സുലേഖയ്ക്ക് പുറമേ ഇ-ഗ്രാം സ്വരാജ്-ലും പ്രോജക്ട് വെയ്ക്കേണ്ടതുണ്ട്. ഇ-ഗ്രാം സ്വരാജിൽ പ്രോജക്ട് വെയ്ക്കാതിരുന്നതിനാൽ കരാറുകാരന് ബിൽ തുക മാറി നല്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്ന് മനസ്സിലാക്കി 2024-25 സാമ്പത്തിക വർഷം പ്രോജക്ട് ഉപേക്ഷിച്ചതായി മറുപടി നൽകി.
പദ്ധതി ആസൂത്രണത്തിലെ പിഴവാണ് ഇത് വ്യക്തമാക്കുന്നത്. പ്രോജക്ട് സ്പിൽ ഓവറാക്കിയ വർഷം കഴിഞ്ഞാണ് ടി വിഷയം ഉദ്യോഗസ്ഥരുടേയും ഭരണ സമിതിയുടേയും ശ്രദ്ധയിൽപ്പെട്ടതെന്നത് ഗൗരവമായി കാണുന്നു. ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗത്തിന് ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിൽ ഉദ്യോഗസ്ഥരുടേയും ഭരണ സമിതിയുടേയും ആസൂത്രണ സമിതിയുടേയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം (നം. 8/2023-24/തീയതി. 05.12.2024).

1-34 ഭൗമ വിവര പഞ്ചായത്ത് പദ്ധതി നടപ്പിലാക്കൽ - തുടർ നടപടി സ്വീകരിച്ചില്ല

പ്രോജക്ട് നമ്പർ	151/
പ്രോജക്ടിന്റെ പേര്	ഭൗമ വിവര പഞ്ചായത്ത് പദ്ധതി നടപ്പിലാക്കൽ
അടങ്കൽ	രൂ.400521/- (വികസനഫണ്ട്)
ചെലവ്	രൂ.398621/-
ബിൽ നം./തീയതി	477/24.03.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമീണ പഠന കേന്ദ്രത്തിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റോഡുകൾ, സ്ഥാപനങ്ങൾ, ഭവനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ജലാശയങ്ങൾ, വൈദ്യുത പോസ്റ്റുകൾ, സ്ഥിര താമസക്കാരുടെ വിവരങ്ങൾ, എന്നിവ ശേഖരിക്കുകയും, ജിയോ മാപ്പിംഗ് ചെയ്ത് ഒരു ഡാറ്റാ ബേസ് ആയി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വെബ് പോർട്ടൽ പൂർണ്ണ തോതിൽ ഉപയോഗപ്രദമാക്കിയിട്ടില്ല.
വെബ് പോർട്ടൽ ഉപയോഗപ്പെടുത്തി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി (നം. 17/തീ.06.12.2024)ന് റോഡുകൾ, ജലാശയങ്ങൾ എന്നിവിടങ്ങളിലെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ എന്നിവ നേരിട്ട് സ്ഥല പരിശോധന നടത്താതെ തന്നെ തിരിച്ചറിയുന്നതിനും സോഫ്റ്റ് വെയർ സഹായകരമാണെന്നും പഞ്ചായത്തിൽ ഡിലിമിറ്റേഷൻ പ്രക്രിയ വഴി വാർഡുകളുടെ പുനർവിഭജനത്തിനും ഇത് സഹായകരമായിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണതോതിൽ ഉപയോഗക്ഷമമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഉദാഹരണമായി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കൽ പോലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത വെബ് പോർട്ടൽ വഴി നടപ്പിലാക്കാമെന്നിരിക്കെ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വെബ് പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. അനുബന്ധ പ്രവർത്തനങ്ങൾക്കായി തുടർ പ്രോജക്ട് രൂപീകരിച്ചിട്ടില്ല.
ഗ്രാമീണ പഠന കേന്ദ്രവുമായി 12.09.2022ൽ വെച്ചിട്ടുള്ള എഗ്രിമെന്റ് ക്രമ നം. 6 പ്രകാരം ഇൻഫർമാറ്റിക് വെബ് പോർട്ടൽ പ്രവർത്തിച്ച് തുടങ്ങുന്ന തീയതി മുതൽ ഒരു വർഷത്തിന് ശേഷമുള്ള ഒരോ വർഷവും സോഫ്റ്റ് വെയർ സംവിധാനത്തിന്റെ അപ്ഡേഷനും പോർട്ടൽ വാടക അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പ്രോജക്ട് രൂപീകരിക്കേണ്ടതാണ്.

വെബ് പോർട്ടൽ 01.04.2023 മുതൽ ഓൺലൈനായി പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻകയറി (നം. 17/തീ.06.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലെ അപ്ഡേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ആയതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതാണെന്നും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് മറുപടിയോടൊപ്പം സമർപ്പിക്കുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് മറുപടിയോടൊപ്പം ലഭ്യമല്ല. പ്രസ്തുത വെബ് പോർട്ടൽ അപ്ഡേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-35 സർക്കാർ ഉത്തരവിന് അനുസൃതമായി യാത്രബത്ത നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

ലെറ്റർ നം. 2629474/വ്യയം-സി.1/104/2023/Finance, Dated 15.02.2024 പ്രകാരം 2019ലെ പേ-റിവിഷൻ ഉത്തരവിലെ ഡ്രൈവർമാരുടെ യാത്രബത്ത അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുമ്പോൾ യാത്രബത്ത അനുവദനീയമല്ലായെന്നും എന്നാൽ ഹാൾട്ട് വരുന്ന അവസരത്തിൽ യാത്രബത്ത, ദിനബത്ത എന്നിവ കെ.എസ്.ആർ ഭാഗം(II)-ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ വൗച്ചർ നം. 22300334/തീ.25.07.2023, 22300934/തീ.16.02.2024, 22300549/തീ.31.10.2023 എന്നിവ പ്രകാരം ശ്രീ. അരുൺകുമാർ (ഡ്രൈവർ ഗ്രേഡ്-II)-ന് യഥാക്രമം 10,885/- രൂപയും 350/- രൂപയും, 8,575/- രൂപയും വൗച്ചർനം. 22300934/തീ.16.02.2024 പ്രകാരം ശ്രീ. വിനോദ് (ഡ്രൈവർ ഗ്രേഡ്-II)-ന് 2,975/- രൂപയും യാത്രബത്ത നൽകിയിട്ടുണ്ട്. ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിയ യാത്രകൾക്കാണ് യാത്രബത്ത അനുവദിച്ചതായി കാണുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി (നം. 39/തീ.10.12.2024)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്കനുസരിച്ച് മാത്രം യാത്രബത്ത നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-36 ഗ്രന്ഥശാലകൾക്ക് പത്ര മാസിക വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നമ്പർ	150/2024
പ്രോജക്ടിന്റെ പേര്	ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥ ശാലകൾക്ക് പത്രമാസിക വിതരണം
അടങ്കൽ	രൂ.60000/- വികസന ഫണ്ട്
ചെലവ്	രൂ.58804/-
ബിൽ നം./തീയതി	113/24.06.2023
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥ ശാലകൾക്ക് പത്രമാസിക വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണിത്. സ.ഉ(സാധാ)നം. 1040/2023/Lsgd, Dated. 15.05.2023 പ്രകാരം ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള സി-ഗ്രേഡും അതിന് മുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപ്പത്രങ്ങൾ വീതവും സി-ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപ്പത്രങ്ങൾ വീതവും തനത്ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ ഉത്തരവ് പ്രകാരം തനത് ഫണ്ട് ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ വികസന ഫണ്ട് ആണ് ഉപയോഗിച്ചിട്ടുള്ളത്.

2. ഫയൽ പ്രകാരം 4 ലൈബ്രറികൾക്കാണ് നൽകിയിട്ടുള്ളതായി കാണുന്നത്. ഏതൊക്കെ ലൈബ്രറികൾക്കാണ് പത്രങ്ങളും മാസികകളും നൽകിയിട്ടുള്ളതെന്നും അവ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉള്ളവയാണോയെന്നും ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല.

3. ലൈബ്രറികളുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി (നം. 19/തീ. 06.12.2024)ന് തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്ത് ആയതിനാലാണ് വികസന ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയതെന്നും പ്രസ്തുത പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം ലഭ്യമായിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീനിക്സ് ഗ്രന്ഥശാല, തെള്ളിക്കച്ചാൽ, എ.കെ.ജി ഗ്രന്ഥശാല, കൂനൻവേങ്ങ, ദേശാഭിമാനി ഗ്രന്ഥശാല, മണ്ണയം, ഉദയ ഗ്രന്ഥശാല, മുക്കുടിൽ എന്നീ ലൈബ്രറികൾക്കാണ് പത്രമാസികകൾ വിതരണം ചെയ്ത് നൽകിയിട്ടുള്ളതെന്ന് ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ദേശാഭിമാനി ഗ്രന്ഥശാല, മണ്ണയം ഒഴികെയുള്ള മറ്റ് ഗ്രന്ഥശാലകളുടെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരവും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലൈബ്രറികൾ ഏത് ഗ്രേഡിൽ ഉള്ളവയാണെന്ന് മറുപടിയിൽ വ്യക്തമല്ല. ദേശാഭിമാനി ഗ്രന്ഥശാലയുടെ, ലൈബ്രറി കൗൺസിലിന്റെ അംഗീകാരം സംബന്ധിച്ച വിവരങ്ങളും, ഗ്രന്ഥശാലകളുടെ അപേക്ഷകളും ഹാജരാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും മാത്രം ഇത്തരം പ്രോജക്ടുകൾക്ക് തുക വകയിരുത്തേണ്ടതാണ്.

1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - രൂ.3,34,447/- തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ടിന്റെ വിശദാംശം		റിമാർക്സ്
പ്രോജക്ട് നം.	275/2024	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
പേര്	പുല്ലമ്പാറ പി.എച്ച്.സി.-യിൽ കുഴൽക്കിണർ നിർമ്മാണം	
അടങ്കൽ	രൂ.175000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	
ചെലവ്-ബിൽ നം.	454/തീ.14.03.2024, രൂ.97089/-	
പ്രോജക്ട് നം.	272/2024	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
പേര്	തേമ്പാംമൂട് ആനക്കുഴി അംഗൻവാടി കുഴൽക്കിണർ അറ്റകുറ്റപ്പണി	
അടങ്കൽ	രൂ.132000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	
ചെലവ്-ബിൽ നം.	453/തീ. 14.03.2024, രൂ.132000/-	
പ്രോജക്ട് നം.	12/2024	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
പേര്	IKM-ന് വിഹിതം നൽകൽ	

അടങ്കൽ	രൂ.105358/- (വികസനഫണ്ട്)
ചെലവ്-ബിൽ നം.	114/തീ.24.06.2023, രൂ.105358/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൗയറി (നം. 14/തീ.06.12.2024)ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 3,34,447/- രൂപ തടസ്സം ചെയ്യുന്നു.

1-38 അജൈവ മാലിന്യ നീക്കത്തിനായി ഹരിത കർമ്മ സേന വാഹനം ഓടിയ ദിവസം അതേ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുത്തു

ഹരിത കർമ്മ സേന ശേഖരിച്ച അജൈവ മാലിന്യം മിനി എം.സി.എഫ്-ൽ നിന്ന് തെള്ളിക്കച്ചാലിലേയ്ക്കുള്ള എം.സി.എഫ്-ലേയ്ക്ക് മാറ്റിയതിന് വാഹന വാടകയിനത്തിൽ ബൈജു ടി. ആർ. എന്നയാൾക്ക് വൗച്ചർ നം. 22300197/തീ.09.06.2023 പ്രകാരം 19,448/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം. 618885/തീ.05.06.2023). KI-21 R-6152 എന്ന വാഹനത്തിന്റെ ട്രീപ്പ് ഷീറ്റ് പ്രകാരം 05.05.2023, 06.05.2023, 07.05.2023, 10.05.2023, 11.05.2023 എന്നീ തീയതികളിൽ മാലിന്യ നീക്കം നടത്തിയതിനാണ് മേൽ വൗച്ചർ പ്രകാരം തുക നൽകിയിരിക്കുന്നത്. നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തീയതി	തുക (രൂ.)
05.05.2023	4498
06.05.2023	3588
07.05.2023.	4108
10.05.2023	3848
11.05.2023	3406

ഹരിത കർമ്മ സേന വാഹനം KL-21Y-1938-ന്റെ ലോഗ് ബുക്ക് പ്രകാരം 05.05.2023, 06.05.2023 എന്നീ തീയതികളിൽ മരുതുംമൂട് എന്ന സ്ഥലത്ത് നിന്നും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. KL-21Y-1938 എന്ന ഹരിത കർമ്മ സേന വാഹനം ഓടിയ 05.05.2023, 06.05.2023 എന്നീ തീയതികളിൽ മിനി എം.സി.എഫ്-ൽ നിന്ന് എം.സി.എഫ്-ലേയ്ക്ക് മാലിന്യം നീക്കം ചെയ്തതിന് വാഹന വാടക നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൗയറി (നം. 41)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-39 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ - അപാകതകൾ

പ്രോജക്ട് നം.	2/2024
പേര്	അടാട്ട് മാതൃയിൽ തെരുവു വിളക്ക് അറ്റകുറ്റപ്പണി
അടങ്കൽ	രൂ.602600/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) രൂ.200000/- (തനത് ഫണ്ട്)
ചെലവ് തുക	ബിൽ നം. 468/തീ.19.03.2024 രൂ.600000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ടു് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ-രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണമെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ, സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തെരുവ് വിളക്ക് രജിസ്റ്ററിൽ ആകെ 60 പോസ്റ്റുകളെ സംബന്ധിച്ച വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത് സ്റ്റോക്ക് ഔട്ട് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

17-08-2015ലെ ജി.2/44274/15-ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൗയറി (നം. 16/തീ.06.12.2024)ന് നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തെരുവ് വിളക്കുകൾ

സ്ഥാപിച്ചിട്ടുള്ള 1000 പോസ്റ്റുകളുടെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാണെന്നും ശേഷിക്കുന്ന തെരുവ് വിളക്കുകളുടെ പരിശോധനയ്ക്ക് കെ.എസ്.ഇ.ബി. അധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് നം. 151, ഭൗമ വിവര പഞ്ചായത്ത് പദ്ധതി മുഖേന ഗ്രാമീണ പഠന കേന്ദ്രത്തിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റോഡുകൾ, സ്ഥാപനങ്ങൾ, ഭവനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ജലാശയങ്ങൾ, വൈദ്യുത പോസ്റ്റുകൾ, സ്ഥിര താമസക്കാരുടെ വിവരങ്ങൾ എന്നിവ ശേഖരിക്കുകയും, ജിയോ മാപ്പിംഗ് ചെയ്ത് ഒരു ഡാറ്റാ ബേസ് ആയി തയ്യാറാക്കി വെബ് പോർട്ടൽ രൂപീകരിച്ചിട്ടുള്ളതിനാൽ ആയത് പ്രയോജനപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. പരാതി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി (നം. 16/തീ.06.12.2024)ന് പരാതി രജിസ്റ്റർ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നുവെന്നും പരാതി പരിഹരിക്കുന്നതിന് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരാതി രജിസ്റ്റർ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

3) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകെയറി (നം. 16/തീ.06.12.2024)ന് വരും വർഷങ്ങളിൽ ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ. പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകെയറി (നം. 16/തീ.06.12.2024)ന് കെ.എസ്.ഇ.ബി സെക്ഷൻ അധികൃതരെ അറിയിച്ചാണ് അറ്റകുറ്റപ്പണികൾ നടത്തി വരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

5) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194(സി) പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേയ്മെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ശ്രീ. അരുൺകുമാർ ആകെ 2,04,400/- രൂപയും ശ്രീ. മനോജ് 2,04,400/- രൂപയും ശ്രീ. അജീഷ് എസ്. 1,55,400/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകെയറി (നം. 16/തീ. 06.12.2024)ന് നിലവിൽ ദിവസ വേതന അടിസ്ഥാനത്തിലാണ് വേതനം നൽകുന്നതെന്നും അതിനാലാണ് ഇൻകംടാക്സ് ഈടാക്കാത്തതെന്നും മറുപടി ലഭ്യമാക്കി. കരാറിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യൻമാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത് എന്നതിനാൽ ആദായ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

6) 2023-24 സാമ്പത്തിക വർഷം ശ്രീ. അരുൺ കുമാർ എന്ന വ്യക്തിയുമായി 01.04.2023-ലാണ് കരാറിൽ ഏർപ്പെട്ടതായി കാണുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം [സ.ഉ(അ).നം.259/2010/തസ്വഭവ., തീ.08.11.2010] പ്രകാരം മതിപ്പ് വില ഒരു ലക്ഷം രൂപയിൽ കൂടുതൽ വില വരുന്ന സേവനങ്ങൾക്ക് ഓപ്പൺ ടെൻഡർ സംവിധാനം നടപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം രൂ.6,00,000/- (സുലേഖ പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ എപ്രകാരമാണ് കരാറുകാരനെ തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി (നം. 16/തീ. 06.12.2024)ന് മുൻ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന ഇലക്ട്രീഷ്യൻമാരുടെ സേവനം തൃപ്തികരമാണെന്ന് വിലയിരുത്തി പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം കരാർ നീട്ടി നൽകുകകയാണുണ്ടായത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

7) ശ്രീ. അരുൺകുമാറിന് വാഹന വാടകയിനത്തിൽ ആകെ 42,500/-രൂപ നൽകിയിട്ടുണ്ട് (8,500/-രൂപ നിരക്കിൽ) വാഹനം വാടകയ്ക്ക് എടുത്തത് ടെണ്ടർ /ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടാണെങ്കിൽ വിശദാംശം ആരാഞ്ഞതിന് മുൻ വർഷങ്ങളിൽ വാഹന വാടക ഉൾപ്പെടെ നൽകിയാണ് ഇലക്ട്രീഷ്യൻമാരെ നിയമിച്ചിരുന്നതെന്നും ആയത് അതേപടി തുടരുകയാണ് ഉണ്ടായതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രോക്യൂർമെന്റ് ചട്ടങ്ങൾ, 17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

8) തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട് വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരന് ഏത് നിരക്കിൽ, എപ്രകാരമാണ് മേൽ പദ്ധതി പ്രകാരം തുക കൈമാറിയിരിക്കുന്നതെന്ന് ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല. വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന് ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9) 17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഇലക്ട്രീഷ്യൻമാരായി പരമാവധി രണ്ട് പേരെ നിയമിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഫയൽപ രിശോധിച്ചതിൽ 12.04.2023ലെ ഭരണ സമിതിയുടെ തീരുമാനം 3(7) പ്രകാരം രണ്ട് ഇലക്ട്രീഷ്യൻമാരെ കൂടാതെ മൂന്നാമത് ഒരു ഇലക്ട്രീഷ്യനെ കൂടെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കാൻ തീരുമാനിക്കുകയും അപ്രകാരം നിയമിക്കുകയും ചെയ്തിട്ടുണ്ട്. 17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഇലക്ട്രീഷ്യൻമാർ പരമാവധി രണ്ട് പേരെ നിയമിക്കാൻ നിർദ്ദേശിച്ചിരിക്കെ, മൂന്ന് പേരെ നിയമിച്ചതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറി (നം. 16)ന് 26 ച.കി.മീ വീതിയുള്ളതും ഗതാഗത സൗകര്യങ്ങൾ കുറവായതുമായ മലയോര മേഖലകൾ ഉൾപ്പെട്ട പഞ്ചായത്തിൽ തെരുവ് വിളക്കുകൾ കത്താത്തത് സംബന്ധിച്ച് ഒട്ടേറെ പരാതികൾ ലഭ്യമാകുന്നുണ്ടെന്നും രണ്ട് ഇലക്ട്രീഷ്യൻമാർ മാത്രം ഉൾപ്പെട്ട സംവിധാനം വഴി തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് അസാധ്യമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് മൂന്നാമത് ഒരാളെ കൂടി നിയമിച്ചിട്ടുള്ളതെന്നും ആയതിലൂടെ പരമാവധി വേഗതയിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും നിലവിൽ പൊതുജനങ്ങളിൽ നിന്നുള്ള പരാതികളിൽ കുറവ് വന്നിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

17-08-2015ലെ ജി.2/44274/15-ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഇലക്ട്രീഷ്യൻമാർ പരമാവധി രണ്ട് പേരെ നിയമിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാൽ ഇലക്ട്രീഷ്യൻമാരുടെ എണ്ണം സർക്കാർ നിർദ്ദേശിച്ച എണ്ണത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ് (രൂ.)	തൻവർഷം ലഭിച്ച തുക (രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക (രൂ.)	നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത്	2121474	97,946	4/24 ക്ഷീര സമൃദ്ധി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	97,946	0
		12,00,000	9/24 ലൈഫ് ഭവന പദ്ധതി 2020 (ജനറൽ)	12,00,000	0

			49,80,000	11/24 – ലൈഫ് ഭവന പദ്ധതി 2020 (പട്ടികജാതി വിഭാഗം)	49,80,000	0
			3,50,000	17/24 അതിദരിദ്രർക്ക് വീട് മെയിന്റനൻസ്	3,50,000	0
			1,93,125	107/24 - സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം	1,93,125	0
			0	173/24 - ആനക്കുഴി മീൻമൂട് പാലുവള്ളി എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ്	3,00,000	0
			0	182/24 – പേരുമല വാലുപാറ കട്ടക്കാൽ സ്ലി റോഡ് സൈഡ് വാളും കോൺക്രീറ്റിംഗും	5,00,000	0
			5,00,000	-	0	5,00,000
ആകെ	**21,21,474**		**73,21,071**		**76,21,071**	**18,21,474**
ജില്ലാ പഞ്ചായത്ത്	59,622		97,293	4/24 - ക്ഷീരസമൃദ്ധി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	97,293	59,622
			1,80,000	9/24 – ലൈഫ് ഭവന പദ്ധതി 2020 (ജനറൽ)	1,80,000	
			20,90,000	11/24 – ലൈഫ് ഭവന പദ്ധതി 2020 (പട്ടികജാതി വിഭാഗം)	20,90,000	
			2,34,000	107/24 – സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം	2,34,000	
			22,987	134/24 ഹരിതഭവനം	22,987	
			6,40,000	136/24 – ലൈഫ് ഭവന പദ്ധതി 2020 (പട്ടികജാതി വിഭാഗം) ഗ്രാമപഞ്ചായത്ത് വിഭാഗം	6,40,000	
			34,000	159/24 കേദാരം	34,000	
ആകെ	**0**		**32,98,280**		**32,98,280**	

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2022-23 (B4) പ്രകാരമുള്ള നീക്കിയിരിപ്പ് (രൂ.)	2023-24ലെ വരവ് (രൂ.)	ആകെ (രൂ.)	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)	2023-24 B4 പ്രകാരമുള്ള നീക്കിയിരിപ്പ് (രൂ.)
ജില്ലാ പഞ്ചായത്ത് വിഹിതം	59,622	32,98,280	33,57,902	32,98,280	59,622	59,622
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	21,21,474	73,21,071	94,42,545	(*)76,21,071	18,21,474	16,21,474

*ലെഡ്ജർ പ്രകാരം പ്രോജക്ട് നം. 137-ന് മുന്നിരിപ്പിൽ നിന്ന് രൂ.2,00,000/- ചെലവഴിച്ചിട്ടുണ്ട്. ആയത് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ വരേണ്ട നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ.)	ചെലവഴിച്ച തുക (രൂ.)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.)
കെ.എസ്.ഇ.ബി	07/24 – പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ വിവിധ വൈദ്യുത പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറ്റി സ്ഥാപിക്കൽ	198314	0	198314
കെ.എസ്.ഇ.ബി	280/24 – കരിച്ച കല്ലിയോട് വെള്ളുമണ്ണടി റോഡ് വൈദ്യുത ലൈൻ എക്സ്റ്റൻഷൻ	80000	0	80000
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	272/24 – തേമ്പാംമൂട് ആനക്കുഴി അംഗൻവാടി കുഴൽകിണർ നിർമ്മാണം	132000	0	132000
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	275/24 – പുല്ലമ്പാറ പി.എച്ച്.സി.-യിൽ കുഴൽകിണർ നിർമ്മാണം	97089	0	97089

	2022-23 (B-18) ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	2023-24 വർഷത്തെ നിക്ഷേപം (രൂ.)	ആകെ (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് / തിരികെ ഒടുക്കിയത് (രൂ.)	നീക്കിയിരിപ്പ് (രൂ.)	2023-24 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
കെ.എസ്.ഇ.ബി	832958	278314	1111272	0	1111272	1111272
കേരള വാട്ടർ അതോറിറ്റി	6769032	0	6769032	0	6769032	6769032
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	354900	229089	583989	0	583989	583989

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശം	വായ്പ തുക (രൂ.)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ.)	തൻവർഷം തിരിച്ചടച്ച തുക (രൂ.) (മുതൽ)	വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (രൂ.)
KURDFC LIFE	25887296	69318642	5864783	89341155

4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം	ഖണ്ഡിക	രസീത് നമ്പർ	തുക (രൂ.)
2019-20	1-26	1230200406/തീ.13.06.2023	4000/-

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

– ഇല്ല –

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	രൂ.30593786.30
ഓഡിറ്റ് വർഷത്തെ ആകെ വരവ്	രൂ.89340869.00
ആകെ	രൂ.119934655.30
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	രൂ.76856911.00
നീക്കിയിരിപ്പ്	രൂ.43077744.30
വരവിനങ്ങളിലുള്ള നഷ്ടം	– ഇല്ല –
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	– ഇല്ല –
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**രൂ. 3,34,447**

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-37	3,34,447	(രൂ.105358/-) ശ്രീ. സന്തോഷ് കുമാർ റ്റി., സെക്രട്ടറി
		(രൂ.229089/-) ശ്രീ. സുനിൽ പി., സെക്രട്ടറി

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സന്തോഷ്കുമാർ റ്റി., സെക്രട്ടറി	സെക്രട്ടറി, ഉഴമലക്കൽ ഗ്രാമപഞ്ചായത്ത്	സന്തോഷ് ഭവൻ, സി. പി. നഗർ, മുട്ടട
സുനിൽ പി., സെക്രട്ടറി	സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്	കാർത്തിക, അവനവൻചേരി പി. ഒ., ടോൾമുക്ക്, ആറ്റിങ്ങൽ

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1800/2022 തീയതി. 01.10.2022	3-1, 3-2
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/488/2019 തീയതി. 11.04.2019	27
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1064/2020 തീയതി. 10.11.2020	50
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/73/2022 തീയതി. 04.03.2022	44
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/905/2022 തീയതി. 23.06.2022	29
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/346/2023 തീയതി. 22.03.2023	34
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1620/2023 തീയതി. 18.12.2023	46

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 30-07-2024 and submitted on 05-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pullampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pullampara Grama Panchayat as on 31-03-2024

Date: 23/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pullampara Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1. Notes on Accounts as per rule 62-2(e) of Kerala Panchayat Raj Accounts Rules, 2011 and annual ratios as per rule 62-2(f) have not been prepared and submitted with the annual financial statements.

2. The amount recorded as Excess of income over expenditure as per previous year's balance sheet B-1 schedule and the amount recorded as opening balance as per the current year's general ledger trial balance does not match with each other.

3. Cheques not cashed for more than three months after issue are not converted to stale cheque account.

4. As per general ledger trial balance head code 431910201 out door collection control account, there is a credit balance of Rs.815/-. But no such amount appears to have been included in the balance sheet of the Annual financial statement.

5. Reconciliation statements of old treasury account held under RP(40b) are not made available for verification.

6. Demand entries are not recorded in time.
eg. There is no demand entry in the property tax ledger at the beginning of the year and every month thereafter. Entry has been made only in 31.03.2023

7. The grant amounts remaining to be spent at the end of the year do not match with the balances in the respective bank / treasury accounts. Details are appended below.

i. 1681096/- has been set aside under the head Joint Venture as per schedule B-4. But as per B-17 the balance in the said bank account is Rs.-5,00,000/-.

ii. 3606533 has been set aside as balance under the head CFC as per schedule B-4. But as per B-17 the balance in the said account is Rs.2409746.
8. 2023-24 Stock in hand (inventories) is not included in annual financial statement (B-14 Stock in hand (inventories)) after valuation of stock in Gram Panchayat

9. No monthly reconciliation is made between the ledger balances and the registers relating to that title

10. No provision is recorded in the balance sheet B-9 schedule for outstanding expenses which may not be met within the financial year 2023-24.

11. Redemption amount by Govt. from treasury shown under RP-45 and amount shown under B-15 schedule do not match with each other.

12. The closing balance of district co-operative bank account no. 20131201200001 as per bank statement dated 31.03.2024 is Rs.28683.83. But reconciliation has been done by considering the balance amount as Rs.28158.83.

13. The opening balance in the Finance Commission Grant (Ties & Untied) being Rs. 33,41,121/-, and receipt being Rs. 67,60,988/- and expenditure from this grant being Rs. 77,22,554/- (as per Sulekha statement) the balance should be Rs. 23,79,555/- whereas it is recorded as Rs. 36,06,533/- in the AFS.
14. As per Income & Expenditure statement, expenditure exceeds income.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്